കേരള സർക്കാർ

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

# അരിമ്പൂർ ഗ്രാമപഞ്ചായത്ത്

# 2017-18

# ഓഡിറ്റ് റിപ്പോർട്ട്

ജില്ലാ ഓഡിറ്റ് കാര്യാലയം,തൃശ്ശൂർ

e-mail:dotsr.ksad@kerala.gov.in

(രജിസ്റ്റർ ചെയ്ത കൈപ്പറ്റു ചീട്ടു സഹിതം)

നം.കെ.എസ്.എ.ടി.എസ്.ആർ(പി2)712/2019

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,
ജില്ലാ ഓഡിറ്റ് കാര്യാലയം

തൃശ്ശൂർ – 6800020
ഫോൺ : 0487-2331249
ഇ-മെയിൽ : dotst.ksad@kerala.gov.in

തീയതി: 06.06.2019

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ്, (സെക്രട്ടറി മുഖേന)
അരിമ്പൂർ ഗ്രാമ പഞ്ചായത്ത്

സർ,
വിഷയം : അരിമ്പൂർ ഗ്രാമപഞ്ചായത്ത് - 2017-18 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് - സംബന്ധിച്ച്

***********************************

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 215(4)എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം അരിമ്പൂർ ഗ്രാമപഞ്ചായത്തിന്റെ 2017-18 സാമ്പത്തികവർഷത്തെ ധനകാര്യപത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 3ലെ 3-1 ഖണ്ഡികയിലേയ്ക്ക് പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ പഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത്

രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15).

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1)ചട്ടം 20,23, 1997 കേരളാ പഞ്ചായത്ത് രാജ് പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)എന്നിവ കാണുക)

വിശ്വസ്തതയോടെ

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ് :

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം(ഉപരിപത്രം സഹിതം)

2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, തൃശ്ശൂർ

3) കാര്യാലയ പകർപ്പ്

നം.കെ.എസ്.എ.ടി.എസ്.ആർ(പി2)712/2019, തിയ്യതി : 06.06.2019

## തൃശ്ശൂർ ജില്ലയിലെ അരിമ്പൂർ ഗ്രാമപഞ്ചായത്തിന്റെ 2017-18 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4) , 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

തൃശ്ശൂർ ജില്ലയിലെ അരിമ്പൂർ ഗ്രാമപഞ്ചായത്തിന്റെ 2017-18 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. പഞ്ചായത്ത് 01.04.17 മുതൽ 31.03.18 തിയ്യതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, 2017-18 സാമ്പത്തിക വർഷം വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 23 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 13 എണ്ണത്തിന് മറുപടി ലഭിച്ചിട്ടുണ്ട്. ഓഡിറ്റ് പരാമർശങ്ങൾ ഓഡിറ്റ് സമാപനയോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണ ക്കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്നു ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

(എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

<table>
<tr><td>ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ</td><td colspan="2">ശ്രീ.സൈമൺ .കെ, ഡെപ്യൂട്ടി ഡയറക്ടർ</td></tr>
<tr><td>ഓഡിറ്റിന് വിനിയോഗിച്ച സമയം</td><td colspan="2">05.04.2019 മുതൽ 16.04.2019 വരെ</td></tr>
<tr><td rowspan="4">ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ</td><td>വി.ജി.തുളസീദാസ്</td><td>ഓഡിറ്റ് ഓഫീസർ (ഹയർ ഗ്രേഡ്)</td></tr>
<tr><td>ഹണി. കെ.എസ്</td><td>അസി.ഓഡിറ്റ് ഓഫീസർ</td></tr>
<tr><td>ലിഷ.കെവി</td><td>അസി.ഓഡിറ്റ് ഓഫീസർ</td></tr>
<tr><td>രേഖ. സി.</td><td>സീനിയർ ഗ്രേഡ് ഓഡിറ്റർ</td></tr>
</table>

| | | |
|---|---|---|
| | രേഖ. ഇ.സി. | ഓഡിറ്റർ |

(ബി)നിർവ്വഹണാധികാരികൾ

| പേര് | ഉദ്യോഗപേര് | കാലയളവ് |
|---|---|---|
| സുജാതാ മോഹൻദാസ് | പ്രസിഡന്റ് | 1.04.2017 മുതൽ 31.03.2018 വരെ |
| സലീൽ എ സോണി | സെക്രട്ടറി | 01-04-2017 മുതൽ 07-05-2017 വരെ |
| എ.എൽ തോമസ് | സെക്രട്ടറി ഇൻ ചാർജ്ജ് | 08-05-2017 മുതൽ 28.05.2017 വരെ |
| സലീൽ എ സോണി | സെക്രട്ടറി | 29-05-2017 മുതൽ 06.06.17 വരെ |
| എ.എൽ തോമസ് | സെക്രട്ടറി ഇൻ ചാർജ്ജ് | 07-06-2017 മുതൽ 13.06.2017 വരെ |
| എൻ.ജി. ദിനേശൻ | സെക്രട്ടറി | 14-06-2017 മുതൽ 20.01.2018 വരെ |
| എ.എൽ തോമസ് | സെക്രട്ടറി ഇൻ ചാർജ്ജ് | 20.01.2018 മുതൽ 23.01.2018 വരെ |
| ജയൻ.എം | സെക്രട്ടറി | 24.01.2018 മുതൽ 31.03.2018 വരെ |

സി)നിർവ്വഹണഉദ്യോഗസ്ഥർ

| ഉദ്യോഗപ്പേര് | പേര് | കാലയളവ് |
|---|---|---|
| അസി.എഞ്ചിനീയർ | സഖി.എൽ | 01-04-2017 മുതൽ 31-03-2018 വരെ |
| കൃഷി ഓഫീസർ | ഹൃദ്യ.എച്ച്.എസ് | 01-04-2017 മുതൽ 31-03-2018 വരെ |
| വെറ്ററിനറി സർജൻ | രേഖ.പി.രാഘവൻ | 01-04-2017 മുതൽ 17-11-2017വരെ |
| | ഗോപീകൃഷ്ണൻ.പി | 18.112017മുതൽ 31-03-2018 വരെ |
| മെഡിക്കൽ ഓഫീസർ (പി.എച്ച്.സി) | ഡോ.പ്രീതി.സി.ജെ | 01-04-2017 മുതൽ 21.07.17 വരെ |
| | ഡോ.ഷീമ ഗംഗാധരൻ | 22-07-2017 മുതൽ 31.03.2018 വരെ |

| | | |
|---|---|---|
| മെഡിക്കൽ ഓഫീസർ ആയുർവ്വേദം | ഗംഗാദേവി.ഇ.കെ | 01-04-2017 മുതൽ 31-03-2018 വരെ |
| മെഡിക്കൽ ഓഫീസർ ഹോമിയോ | ദീപ.എൻ.ഡി | 01-04-2017 മുതൽ 14-03-2018 വരെ |
| | സുഹാന .എ.ഐ | 15-03-2018മുതൽ 31-03-2018 വരെ |
| അസി, സെക്രട്ടറി | എ.എൽ തോമസ് | 01-04-2017 മുതൽ 31-03-2018 വരെ |
| ഐ.സി.ഡി.എസ് സൂപ്പർവൈസർ | നിത ജോൺ | 01-04-2017 മുതൽ 31-03-2018 വരെ |
| വി.ഇ.ഒ. (എറവ് സർക്കിൾ) | സിന്ധു.കെ | 01-04-2017 മുതൽ 25.06.2017വരെ |
| | ശ്രീദേവി.എസ്.കെ | 26.06-2017 മുതൽ 21.09.2017വരെ |
| | എമി ആനി ഐസക് | 22.09.2017മുതൽ 10.01.2018വരെ |
| | സിന്ധു.കെ | 11.01.2018മുതൽ 31-03-2018 വരെ |
| വി.ഇ.ഒ. (അരിമ്പൂർ സർക്കിൾ) | രാഖി.എം.ആർ | 01-04-2017 മുതൽ 28.06.17 വരെ |
| | എമി ആനി ഐസക്ക് | 29.06.2017 മുതൽ 31-03-2018വരെ |
| വി.ഇ.ഒ. (മനക്കൊടി സർക്കിൾ) | രാഖി.എം.ആർ | 01-04-2017 മുതൽ 28.06.17 വരെ |
| | രമ്യ.കെ | 29.06.2017 മുതൽ 12.12.2017വരെ |
| | എമി ആനി ഐസക് | 13.12.2017 മുതൽ 04.02.2018വരെ |
| | രമ്യ.കെ | 05.02.2018മുതൽ 23-02-2018 വരെ |
| | എമി ആനി ഐസക് | 24.02.2018മുതൽ 31-03-2018 വരെ |
| പ്രധാന അദ്ധ്യാപിക ജി.യു.പി.എസ് | ഉഷകുമാരി.വി | 01-04-2017 മുതൽ 31-03-2018 വരെ |
| ഡയറി ഫാം ഇൻസ്ട്രക്ടർ | മഞ്ജു.ബി | 01-04-2017 മുതൽ 15-11-2017 വരെ |
| | സ്മൃതി വാസുദേവൻ | 16-11-2017മുതൽ 31-03-2018 വരെ |

ഉള്ളടക്കം

| ക്രമ നം. | ഭാഗം-1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ് | 1-1 |
| 2 | വാർഷിക ധനകാര്യപത്രിക | 1-2 |
| 3 | വാർഷിക ധനകാര്യപത്രിക പരിശോധിച്ചതിന്റെ വിവരം | 1-3 |
| 4 | സാമ്പത്തിക വിശകലനം | 1-4 |
| 5 | ഫണ്ട് വിനിയോഗം | 1-5 |
| 6 | പദ്ധതി അവലോകനം | 1-6 |
| 7 | തൊഴിലുറപ്പ് പദ്ധതി | 1-7 |
| 8 | ക്ഷേമ പെൻഷനുകൾ | 1-8 |
| 9 | ക്യാഷ് വെരിഫിക്കേഷൻ | 1-9 |
| 10 | ആഭ്യന്തര നിയന്ത്രണം | 1-10 |
| 11 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-11 |
| 12 | വാർഷിക കണക്കുകളിലെ അപാകതകൾ | 1-12 |
| | ഭാഗം-2 | |
| 13 | തൊഴിൽ നികുതി അടവാക്കുന്നതിലെ അപാകതകൾ | 2-1 |
| 14 | ഡി&ഒ ലൈസൻസ് നല്കിയതിലെ അപാകതകൾ | 2-2 |
| 15 | കമ്മ്യൂണിറ്റി ഹാൾ വാടക ബൈലോ-സർക്കാർ അംഗീകാരം നേടിയിട്ടില്ല | 2-3 |
| 16 | അനധികൃത കെട്ടിട നിർമ്മാണങ്ങൾ - യു എ നമ്പർ നൽകി വസ്തു നികുതി ഈടാക്കുന്നില്ല | 2-4 |
| 17 | വസ്തു നികുതി നിർണ്ണയത്തിലെ അപാകതകൾ | 2-5 |
| 18 | ഡവലപ്മെന്റ് പെർമിറ്റ് -പെർമിറ്റ് ഫീസ് ഈടാക്കിയതിൽ കുറവ് | 2-6 |
| 19 | കെട്ടിട നിർമ്മാണങ്ങളുടെ ക്രമവത്കരണം- രാജിയാക്കൽ ഫീസ് ഈടാക്കുന്നതിൽ വ്യത്യാസം | 2-7 |
| | ഭാഗം-3 | |
| 20 | 61,33,523/- രൂപ 5 വർഷങ്ങൾക്ക് മുൻപ് കേരള വാട്ടർ അതോറിറ്റിയിൽ നിക്ഷേപിച്ചു- പ്രവൃത്തി ഇനിയും ആരംഭിച്ചില്ല- പലിശയിനത്തിൽ മാത്രം ലക്ഷങ്ങളുടെ നഷ്ടം. | 3-1 |
| 21 | കുടിവെള്ള പദ്ധതികൾ - വിനിയോഗ, പൂർത്തീകരണ വിവരങ്ങൾ ലഭ്യമാക്കിയില്ല | 3-2 |
| 22 | ടെണ്ടർ കുറവ് കണക്കാക്കാതെ മുഴുവൻ തുകയും അനുവദിച്ചു- 20682/- രൂപയുടെ നഷ്ടം | 3-3 |

| | | |
|---|---|---|
| 23 | കാലതാമസത്തിന് ഫൈൻ ഈടാക്കുന്നില്ല. | 3-4 |
| 24 | അസിസ്റ്റന്റ് സെക്രട്ടറി നടപ്പാക്കിയ പദ്ധതികൾ --അപാകതകൾ | 3-5 |
| 25 | പട്ടികജാതി വിദ്യാർത്ഥികൾക്ക് പഠനമുറി -- വസ്തുനികുതി പുനനിർണ്ണയിച്ചിട്ടില്ല | 3-6 |
| 26 | മെഡിക്കൽ ഓഫീസർ നടപ്പാക്കിയ പദ്ധതികൾ-- അപാകതകൾ | 3-7 |
| 27 | വെറ്ററിനറിസർജൻ നടപ്പാക്കിയ പദ്ധതികൾ | 3-8 |
| 28 | 2016-17 ൽ ടാർ വാങ്ങി നല്കിയ പ്രവൃത്തി 2017-18 ലും പൂർത്തീകരിച്ചില്ല | 3-9 |
| 29 | പഞ്ചായത്ത് കമ്മറ്റി തീരുമാനങ്ങൾ നടപ്പാക്കിയില്ല | 3-10 |
| 30 | ഹെഡ്മിസ്ട്റസ് നിർവഹണോദ്യോഗസ്ഥനായ പദ്ധതികളിലെ അപാകതകൾ | 3-11 |
| 31 | വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയിട്ടില്ല.ചെലവു തുക തടസ്സപെടുത്തുന്നു. | 3-12 |
| 32 | തനതു ഫണ്ടിൽ നിന്നുള്ള ചെലവുകൾ- അപാകതകൾ | 3-13 |
| | ഭാഗം-4 | |
| 33 | സംയുക്തപ്രോജക്ടുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം | 4-1 |
| 34 | നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ | 4-2 |
| 35 | മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ | 4-3 |
| 36 | വായ്പ/ വായ്പ തിരിച്ചടവ് | 4-4 |
| 37 | സ്ഥിര നിക്ഷേപങ്ങൾ | 4-5 |
| 38 | ഓഡിറ്റ് റിക്കവറി | 4-6 |
| 39 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം | 4-7 |
| 40 | ചാർജ്ജ്/സർചാർജ്ജ് നടപടികളിലൂടെ തുക ഈടാക്കിയതിന്റെ വിവരം | 4-8 |
| 41 | ഓഡിറ്റ് പ്രത്യവലോകനം | 4-9 |
| 42 | തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ | 4-10 |
| 43 | അനുബന്ധം-1 ഓഡിറ്റ് സർട്ടിഫിക്കറ്റ് | |
| 44 | അനുബന്ധം -2 ഓഡിറ്റ് സംക്ഷിപ്തം | |


# ഭാഗം 1

# പൊതു അവലോകനം

## 1-1 ബജറ്റ്

25-03-2017 തീയതിയിലെ 1(1)-ാം നമ്പർ തീരുമാനപ്രകാരം 2017-18 ലെ ബജറ്റ് അംഗീകരിച്ചു. ആയത് 20.03.2018 ലെ 6(1) തീരുമാന പ്രകാരം റിവൈസ് ചെയ്തിട്ടുണ്ട്.റിവൈസ്ഡ് ബജറ്റ് പ്രകാരം പ്രതീക്ഷിത വരവ് 24,99,20,105 രൂപയും പ്രതീക്ഷിത ചെലവ് 24,52,28,000 രൂപയുമാണ്.

## 1-2 വാർഷിക ധനകാര്യ പത്രിക

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി | അപാകത പരിഹരിച്ച് ലഭിച്ച തീയതി |
|---|---|---|---|
| 31.07.2018 | 31.05.2018 | - | - |

## 1-3 വാർഷിക ധനകാര്യ പത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/തീയതി |
|---|---|---|
| 2017-18 | 20-06-2018 മുതൽ 21-06-2018 വരെ | കെ.എസ്.എ ടി.എസ്.ആർ(ഇ3)1150/18(4) തീയതി 13-07-2018 |

## 1-4 സാമ്പത്തിക വിശകലനം (രസീറ്റ് & പേമെന്റ് പ്രകാരം)

| | |
|---|---|
| മുന്നിരിപ്പ് | 22250670 |
| വരവ് | 63984745 |
| ആകെ | 86235415 |
| ചെലവ് | 80402818 |
| നീക്കിയിരിപ്പ് | 5832597 |

## 1-5 ഫണ്ട് വിനിയോഗം

| ഫണ്ടിനം | ഒ.ബി | വരവ് | ആകെ | ചെലവ് | സി.ബി/ ലാപ്സായ തുക |
|---|---|---|---|---|---|
| വികസന ഫണ്ട്-ജനറൽ (ACR പ്രകാരം) | 0 | 14028000 | 14028000 | 12438412 | 1589588 |
| വികസന ഫണ്ട്-എസ്.സി.പി (ACR പ്രകാരം) | 0 | 7540392 | 7540392 | 7540392 | 0 |
| വികസന ഫണ്ട്-ടി.എസ്.പി (ACR പ്രകാരം) | 0 | 17992 | 17992 | 0 | 17992 |

| | | | | | | |
|---|---|---|---|---|---|---|
| മെയിന്റനൻസ്, റോഡ് (ACR പ്രകാരം) | | 0 | 7123000 | 7123000 | 7123000 | 0 |
| മെയിന്റനൻസ്, നോൺ-റോഡ് (ACR പ്രകാരം) | | 0 | 3350000 | 3350000 | 3350000 | 0 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ്(ACR പ്രകാരം) | | 0 | 6587566 | 6587566 | 6587566 | 0 |
| കെ.എൽ.എസ്.ജി.ഡി.പി (ACR പ്രകാരം) – | | 0 | 2544445 | 2544445 | 2234179 | 310266 |
| സാക്ഷരത | | 756898 | 30733 | 787631 | 0 | 787631 |
| എം.ജി.എൻ. ആർ.ഇ.ജി.എസ് | തൊഴിലാളികളുടെ കൂലി (Revenue and capital expenditure) | 0 | 16595750 | 16595750 | 16595750 | |
| | അഡ്മിനിസ്ട്രേറ്റീവ് ചെലവ് | 44263 | 1025960 | 1070223 | 1022746 | 47477 |
| കേന്ദ്രാവിഷ്കൃതഫണ്ടുകൾ- (ഐ.സി.ഡി.എസ്) | | 413330 | 103425 | 516755 | 184408 | 332347 |
| ഗ്രാന്റ് ഫോർ സബ്സിഡി | | 28465 | 0 | 28465 | 0 | 28465 |
| TSC | | 632006 | 0 | 632006 | 0 | 632006 |
| PYCKA | | 13000 | - | 13000 | - | 13000 |
| നിർമൽ പുരസ്കാർ | | 69768 | | 69768 | | 69768 |
| സംസ്ഥാനാവിഷ്കൃത ഫണ്ടുകൾ (ഇനം തിരിച്ച്) : എം. എൽ.എ ഫണ്ട് | | 284192 | | 284192 | 284192 | 0 |
| കേരളോൽസവം | | 9705 | 0 | 9705 | 9705 | 0 |
| വിമുക്തി | | 25000 | 12500 | 37500 | 5780 | 31720 |
| ജോയിന്റ് വെഞ്ചർ അക്കൗണ്ട് | ബ്ലോക്ക് പഞ്ചായത്ത് | 625 | 850000 | 850625 | 810625 | 40000 |
| | ജില്ലാ പഞ്ചായത്ത് | 5000625 | 625650 | 5626275 | 626275 | 5000000 |
| ബി ഫണ്ട് : തൊഴിൽ രഹിത വേതനം | | 0 | 62520 | 62520 | 62520 | 0 |
| വിധവകളുടെ പെൺമക്കളുടെ വിവാഹ ധനസഹായം | | 0 | 300000 | 300000 | 300000 | 0 |
| പാഡി പ്രൊഡക്ഷൻ ബോണസ് | | 0 | 1961536 | 1961536 | 1961536 | 0 |
| വാർദ്ധക്യ കാല പെൻഷൻ | | 0 | 27864400 | 27864400 | 27864400 | 0 |
| വിധവാ പെൻഷൻ | | 0 | 15875300 | 15875300 | 15875300 | 0 |
| 50 വയസ്സ് കഴിഞ്ഞ അവിവാഹിതർക്കുള്ള പെൻഷൻ | | 0 | 1432000 | 1432000 | 1432000 | 0 |
| വികലാംഗ പെൻഷൻ | | 0 | 3884700 | 3884700 | 3884700 | 0 |

| | | | | | | |
|---|---|---|---|---|---|---|
| കർഷക പെൻഷൻ | | 0 | 9348900 | 9348900 | 9348900 | 0 |
| ജനറൽ പർപ്പസ് ഫണ്ട് | | 18557832 | 9953000 | 28510832 | 26815472 | 1695360 |
| തനത് ഫണ്ട് | കോ ഓപ്പറേറ്റീവ് ബാങ്ക് | 1152359 | 7967345 | 9119704 | 7296749 | 1822955 |
| | ട്രഷറി STSB | 18557832 | 9953000 | 28510832 | 26815472 | 1695360 |
| മറ്റിനം | TDCB FD | 0 | 0 | 0 | 0 | 0 |
| | e – payment | 0 | 11950 | 11950 | 0 | 11950 |

# 1-6 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 215 | 81851195 | 146 | 42017232 | 9 | 60 | 67.90% |

പൂർത്തിയാകാതെ ഉപേക്ഷിച്ച പദ്ധതികൾ

1. പദ്ധതി നം.241/17-പഞ്ചായത്ത് ഓഫീസിൽ ടച്ച് സ്ക്രീൻ കിയോസ്ക്
2.പദ്ധതി നം 261/17-ശുചിത്വ കർമ്മസേന
3പദ്ധതി നം.276/17-പൊതു ടാപ്പുകളുടെ വെള്ളക്കരം അടവാക്കൽ

# 1-7 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരുപ്പ് |
|---|---|---|---|---|---|
| ഭരണചെലവുകൾ | 44263 | 1025960 | 1070223 | 1022746 | 47477 |
| ഗുണഭോക്താകൾക്ക് നേരിട്ട് നൽകുന്നത് | 0 | 16595750 | 16595750 | 16595750 | 0 |

# 1-8 ക്ഷേമ പെൻഷനുകൾ

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 62520 | 117 |
| കർഷകതൊഴിലാളി പെൻഷൻ | 9348900 | 4195 |
| വിധവാപെൻഷൻ | 15875300 | 5242 |

| | | |
|---|---|---|
| വാർദ്ധക്യകാലപെൻഷൻ | 27864400 | 8304 |
| വികലാംഗ പെൻഷൻ | 3884700 | 1241 |
| 50 വയസ്സിനുമേലുള്ള അവിവാ ഹിതരായ സ്ത്രീകൾക്കുള്ള പെൻഷൻ | 1432000 | 641 |
| വിധവകളുടെ പെൺമക്കൾക്കുള്ള വിവാഹധനസഹായം | 300000 | 10 |

## 1-9 ക്യാഷ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 06-04-2019 തീയതിയിൽ 3.30 പി.എം ന് സ്ഥാപന തലവന്റെ ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. 27384/- രൂപ ക്യാഷ് നീക്കിയിരിപ്പിന്റെ കൃത്യത പരിശോധനയിൽ ബോധ്യപ്പെട്ടു.

## 1-10 ആഭ്യന്തര നിയന്ത്രണം

ഗ്രാമപഞ്ചായത്ത് ഭരണ സമിതിയുടെയും, വിവിധ സ്റ്റാന്റിംഗ് കമ്മിറ്റികൾ, വർക്കിംഗ് ഗ്രൂപ്പുകൾ എന്നിവയുടേയും യോഗങ്ങൾ നിയമത്തിലും ചട്ടങ്ങളിലും വ്യവസ്ഥ ചെയ്തിരിക്കുന്ന പ്രകാരം കൂടുന്നുണ്ടെങ്കിലും, സ്ഥാപനത്തിന്റെ വരവ് ചെലവ് കണക്കുകൾ, പദ്ധതി ചെലവുകൾ, ദൈനംദിന പ്രവർത്തനങ്ങൾ എന്നിവയുടെ വിലയിരുത്തൽ നടത്തുന്നില്ല. പദ്ധതികളുടെ ആസൂത്രണ – നിർവ്വഹണ ഘട്ടങ്ങളുടെ കാര്യക്ഷമത ഭരണ സമിതി യോഗങ്ങളിൽ അജണ്ടയായി വരുന്നില്ല. പല പദ്ധതികളും കലണ്ടർ പ്രകാരം പൂർത്തീകരിക്കപ്പെടുന്നില്ല. പൂർത്തിയായ പദ്ധതികളിൽ നിർദ്ദിഷ്ട രീതിയിൽ മോണിറ്ററിംഗ് നടക്കുന്നില്ല.

പഞ്ചായത്ത് പൗരാവകാശ രേഖ കാലികമായി പരിഷ്കരിച്ച് പ്രസിദ്ധീകരിച്ചിട്ടില്ല. ലൈഫ് മിഷന് വേണ്ടി ഭവന നിധി രൂപീകരിച്ചിട്ടില്ല. ദുരിതാശ്വാസ നിധി രൂപീകരിച്ചിട്ടില്ല. ആസ്തി രജിസ്റ്റർ സൂക്ഷിക്കുന്നുണ്ടെങ്കിലും പഞ്ചായത്തിന്റെ എല്ലാ ആസ്തികളും അതിൽ ഉണ്ടെന്ന് ഉറപ്പുവരുത്തിയിട്ടില്ല. കൂടാതെ പുതുതായി സൃഷ്ടിക്കപ്പെടുന്ന ആസ്തികൾ അതിന്റെ യഥാർത്ഥ മൂല്യത്തോടെയും, ചട്ടത്തിൽ നിഷ്കർഷിക്കുന്ന ഡിപ്രീസിയേഷൻ നൽകിയും ചേർത്തിട്ടുണ്ടെന്ന് ഉറപ്പുവരുത്തിയിട്ടില്ല. സ്റ്റോക്ക് ആന്റ് സ്റ്റോഴ്സ് , മറ്റു വിലപ്പെട്ട രേഖകൾ എന്നിവക്ക് ഇൻഷ്വറൻസ് പരിരക്ഷ ഇല്ല. സ്റ്റോക്ക് രജിസ്റ്ററിൽ ചേർത്ത വർഷാന്ത്യ നീക്കിയിരിപ്പ് ഭൗതിക പരിശോധന നടത്തി സെക്രട്ടറി സാക്ഷ്യപ്പെടുത്തുന്നില്ല. സ്യൂട്ട് രജിസ്റ്ററിൽ എല്ലാ വിവരങ്ങളും ചേർത്ത് കാലികമാക്കിയിട്ടില്ല. നിർവ്വഹണോദ്യോഗസ്ഥരിൽ പലരും പ്രോജക്ട് ഫയലുകൾ ശരിയായ രീതിയിൽ സൂക്ഷിക്കുന്നില്ല. പല പ്രോജക്ട് ഫയലുകളിലും അവശ്യം വേണ്ട സാക്ഷ്യപത്രങ്ങൾ സൂക്ഷിച്ചിട്ടില്ല.

പ്രതിമാസം സ്റ്റാഫ് മീറ്റിംഗ് വിളിച്ചു ചേർക്കുന്നുണ്ടെങ്കിലും ഓഫീസ് തീരുമാനങ്ങൾ നടപ്പിലാക്കുന്നുണ്ടോ എന്ന് മേലുദ്യോഗസ്ഥരും, ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയും പരിശോധിച്ച് ഉറപ്പു വരുത്തുന്നില്ല.

"സൂചിക"യിൽ നിന്നും ഫ്രണ്ട് ഓഫിസ് ഡയറി പ്രിന്റ് ഔട്ട് എടുത്ത് സൂക്ഷിക്കുന്നുണ്ട്. ഫ്രണ്ട് ഓഫീസിൽ ഇരിപ്പിടം, കുടിവെള്ളം, ടി.വി, ടച്ച് സ്ക്രീൻ എന്നീ സൗകര്യങ്ങൾ ഏർപ്പാടാക്കിയിട്ടുണ്ട്. സേവനാവകാശ ബോർഡ് സ്ഥാപിച്ചിട്ടുണ്ട്.

ആഭ്യന്തര നിയന്ത്രണ സംവിധാനങ്ങൾ ശക്തിപ്പെടുത്തുന്നതിനാവശ്യമായ നടപടികൾ പഞ്ചായത്ത് കമ്മിറ്റിയും വിവിധ സ്റ്റാന്റിംഗ് കമ്മിറ്റികളും കൈക്കൊള്ളേണ്ടതാണ്.

## 1-11 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 22.01.19 ,23.01.19 | 2018 ഡിസംബർ | 26.02.2019 |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 18.11.2016 | 2010-11 മുതൽ 2014-15 വരെ | 01.02.2017 |

## 1-12 വാർഷിക കണക്കുകളിലെ അപാകതകൾ

അരിമ്പൂർ ഗ്രാമപഞ്ചായത്തിന്റെ 2017-18 സാമ്പത്തിക വർഷത്തിലെ വാർഷിക കണക്കുകൾ പരിശോധിച്ചതിൽ കണ്ടെത്തിയ അപാകതകൾ.

1. ബാലൻസ് ഷീറ്റ് ഷെഡ്യൂൾ B-11-ൽ രേഖപ്പെടുത്തിയിരിക്കുന്ന സ്ഥിരാസ്തികളുടെ മൂല്യം പരിശോധിക്കുന്നതിനാവശ്യമായ രേഖപ്പെടുത്തൽ നടത്തിയിട്ടുള്ള ആസ്തി രജിസ്റ്റർ പരിശോധനയ്ക്ക് ഹാജരാക്കിയില്ല. ആയതിനാൽ ബാലൻസ് ഷീറ്റ് ഷെഡ്യൂൾ B-11-ലെ രേഖപ്പെടുത്തലിന്റെ കൃത്യത പരിശോധിക്കുന്നതിനായില്ല.
2. RP 40(b) പ്രകാരം SGRY (Sampoorna Gramin Rozgar Yojana) എന്ന അക്കൗണ്ടിൽ 500/- രൂപ നീക്കിയിരിപ്പ് കാണുന്നു. ആയതിന്റെ പാസ് ബുക്ക് പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല.
3. RP 40(b) പ്രകാരം 59,917/- രൂപ അരിമ്പൂർ പോസ്റ്റോഫീസ് അക്കൗണ്ട് നം. 830003-ൽ നീക്കിയിരിപ്പുള്ളതായി കാണുന്നു. വർഷങ്ങളായി നിർജ്ജീവമായിരിക്കുന്ന ടി അക്കൗണ്ട് അവസാനിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.
4. RP 40(b) പ്രകാരം എസ്.ബി.ഐ. അയ്യന്തോൾ അക്കൗണ്ട് നം. 57014233041-ൽ 34,730/- രൂപ വാർദ്ധക്യകാല പെൻഷൻ ഇനത്തിൽ നീക്കിയിരിപ്പ് കാണുന്നു. ആയത് സർക്കാരിന്റെ സഞ്ചിത നിധിയിലേക്ക് അടവാക്കുന്നതിനുള്ള നടപടി സ്വീകരിക്കേണ്ടതാണ്.
5. ക്യാഷ് ഫ്ലോ സ്റ്റേറ്റ്മെന്റ് പ്രകാരം 2017-18 കാലയളവിലെ 'Net increase in cash and cash equivalents' ആയി രേഖപ്പെടുത്തിയിരിക്കുന്നത് 1,64,18,073/- രൂപയാണ്. എന്നാൽ 'Net cash generated by operating+Investing+Financing Activity'ആയി രേഖപ്പെടുത്തിയിരിക്കുന്നത് 1,25,18,252/- രൂപയാണ്. അംഗീകരിക്കപ്പെട്ട അക്കൗണ്ടിങ്ങ് സ്റ്റാന്റേർഡ് പ്രകാരം മേൽ രണ്ട് തുകകളും പൊരുത്തപ്പെടേണ്ടതാണെങ്കിലും പഞ്ചായത്ത് സമർപ്പിച്ച സ്റ്റേറ്റ്മെന്റിലെ രണ്ട് തുകകൾ പൊരുത്തപ്പെടുന്നില്ല.

6. തൃശ്ശൂർ ജില്ലാ സഹകരണ ബാങ്ക്, അരിമ്പൂർ ശാഖയിൽ ഗ്രാമപഞ്ചായത്തിന്റെ പേരിലുള്ള അക്കൗണ്ടിൽ നിന്നും നൽകിയിട്ടുള്ളതും, മൂന്ന് മാസത്തിലധികമായി എൻക്യാഷ് ചെയ്തിട്ടില്ലാത്തതുമായ താഴെ പറയുന്ന ചെക്കുകൾ Liabilities in respect of stale cheque എന്ന ശീർഷകത്തിലേയ്ക്ക് മാറ്റിയിട്ടില്ലാത്തതാണ്.

| ക്രമ നം. | ചെക്ക് നമ്പർ | തിയ്യതി | തുക |
|---|---|---|---|
| 1 | 22599 | 30.10.2017 | 300 |
| 2 | 20159 | 21.07.2017 | 250 |
| 3 | 001079 | 21.10.2013 | 1500 |
| 4 | 643635 | 12.07.2013 | 200 |
| 5 | 010578 | 17.12.2015 | 1000 |
| 6 | 22700 | 22.11.2017 | 650 |
| 7 | 20213 | 26.09.2017 | 200 |
| 8 | 20156 | 21.07.2017 | 1500 |
| 9 | 20098 | 12.06.2017 | 1500 |
| 10 | 20102 | 12.06.2017 | 2400 |
| 11 | 07958 | 15.06.2015 | 1500 |
| 12 | 014094 | 27.08.2016 | 800 |
| 13 | 003484 | 10.02.2014 | 290 |
| 14 | 007642 | 11.06.2015 | 300 |
| 15 | 005333 | 18.07.2014 | 1500 |
| 16 | 008320 | 04.08.2015 | 300 |
| 17 | 940355 | 09.10.2014 | 550 |
| 18 | 015439 | 01.12.2016 | 1500 |
| 19 | 013248 | 18.01.2016 | 540 |
| 20 | 012515 | 11.05.2016 | 200 |
| 21 | 010698 | 29.12.2015 | 500 |
| 22 | 009734 | 16.10.2015 | 200 |
| 23 | 002364 | 03.12.2013 | 2000 |
| 24 | 014094 | 27.08.2016 | 1600 |
| | ആകെ | | 21280 |

7. സെക്യൂരിറ്റി ഡെപ്പോസിറ്റ് ഇനത്തിൽ വിവിധ ശീർഷകങ്ങളിലായി മൂന്ന് വർഷത്തിലധികം കാലാവധി പൂർത്തിയാക്കിയ തുകകൾ പഞ്ചായത്ത് ഫണ്ടിലേക്ക് മുതൽ കൂട്ടിയിട്ടില്ല.

# ഭാഗം-2

## <u>വരവ് കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ</u>

# 2-1 തൊഴിൽ നികുതി അടവാക്കുന്നതിലെ അപാകതകൾ

താഴെ പറയുന്ന സ്ഥാപനങ്ങൾ സ്ഥാപന തൊഴിൽ നികുതി അടവാക്കിയിട്ടില്ല.

| ക്രമ നമ്പർ | സ്ഥാപനത്തിന്റെ പേര് | അടവാക്കാത്ത അർദ്ധവർഷം |
|---|---|---|
| 1 . | ബി.എസ്.എൻ.എൽ, അരിമ്പൂർ | 1,2 |
| 2. | സുപ്രീം പാക്കേജിങ്സ് | 1,2 |
| 3. | യൂണിക് പാക്കേജിങ്സ് | 1,2 |
| 4. | ജിയോ വി പി എൻ | 1,2 |
| 5. | വിക്ടോറിയ | 1,2 |
| 6. | A3K ഹെൽത്ത് കെയർ സൊല്യൂഷൻസ് | 1 |
| 7. | നിതീഷ് ഫർണിച്ചർ , അരിമ്പൂർ | 2 |
| 8. | ധനലക്ഷ്മി ഫിനാൻസ് | 2 |
| 9. | ഹില്ല്മൂണ് കുറീസ് | 2 |
| 10. | ജോർ ബൈ | 1 |

താഴെ പറയുന്ന ജീവനക്കാരുടെ നികുതി ഈടാക്കിയിട്ടില്ല.

| ക്രമ നം. | ജീവനക്കാരന്റെ പേര് | സ്ഥാപനത്തിന്റെ പേര് | അടവാക്കാത്ത അർദ്ധവർഷം |
|---|---|---|---|
| 1. | വിപിൻ ടി.എസ്. ക്ലാർക്ക് | ധനലക്ഷ്മി ഫിനാൻസ് | 2 |
| 2. | വിദ്യാറാണിവി.എസ് മാനേജർ | ഹില്ല്മൂണ് കുറീസ് | 2 |
| 3. | ലിജിത എൻ .ആർ. | ,, ,, | 2 |
| 4. | രേഖ വിജയകുമാർ സെക്രട്ടറി | എറവ് ക്ഷീരവ്യവസായ സഹകരണ സംഘം | 2 |
| 5. | കുമാരൻ കെ.പി. (മിൽക്ക് മാൻ) | ,, ,, | 2 |
| 6. | ഓ.വി.സുരേഷ്ബാബു (ബിപിഎം ) | പോസ്റ്റ് ഓഫീസ് | 2 |
| 7. | വി.ബി.രാജേഷ് | ,, ,, | 2 |
| 8. | നിഷ കെ.ആർ. ബ്ലോക്ക് കോഓർഡിനേറ്റർ | കുടുംബശ്രീ അരിമ്പൂർ | 2 |

വിക്ടോറിയ പോളി ഫാം, അരിമ്പൂർ എന്ന സ്ഥാപനത്തിലെ 2-ാം അർദ്ധവർഷം 36 തൊഴിലാളികൾ തൊഴിൽ നികുതി അടവാക്കിയിട്ടില്ല.
ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക്( എൻക്വയറി നം.: 20/17 -18 തീയതി:11.04.19) മറുപടി ലഭ്യമാക്കിയിട്ടില്ല.
മേൽ പ്രതിപാദിച്ച സ്ഥാപനങ്ങളും ജീവനക്കാരും തൊഴിൽ നികുതി അടവാക്കി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 2-2 ഡി ആൻഡ് ഓ ലൈസൻസ് നല്കിയതിലെ അപാകതകൾ

1.ഡി&ഒ അപേക്ഷ സമർപ്പിക്കുമ്പോൾ അപേക്ഷയൊടോപ്പം ഹാജരാക്കേണ്ട സാനിറ്ററി സർട്ടിഫിക്കറ്റ്, 5 HP ക്കു മുകളിൽ വൈദ്യുതോപകരണം ഉപയോഗിക്കുന്ന സ്ഥാപനങ്ങൾക്ക് പൊല്യൂഷൻ കൺട്രോൾ ബോർഡിൽ നിന്നുമുള്ള നിരപേക്ഷ പത്രം എന്നിവയൊന്നും ഹാജരാക്കാതെയും സെക്രട്ടറി, സെക്ഷൻ ക്ലാർക്ക് എന്നിവരുടെ ശുപാർശയോ ഓപ്പോ ഇല്ലാതെയും ലൈസൻസ് നൽകിയിട്ടുണ്ട്. ഇവയുടെ അഭാവത്തിലുള്ള അപേക്ഷയാണെന്നും മേൽ സർട്ടിഫിക്കറ്റുകൾ കിട്ടുന്ന മുറക്ക് ഹാജരാക്കാമെന്നും ലൈസൻസ് ഫീ അടവാക്കിയത് ലൈസൻസിനുള്ള അവകാശമായി കണക്കാക്കുന്നുമില്ല എന്ന് എഴുതിയ ഒരു 'സമ്മതപത്രം' അപേക്ഷയൊടോപ്പം വാങ്ങി സൂക്ഷിച്ചിട്ടുണ്ട്. എന്നാൽ ഇവ പഞ്ചായത്തിന് ലഭ്യമാക്കാതെ ലൈസൻസ് അപേക്ഷകൻ കൈപ്പറ്റിയതായി കാണുന്നു.

| ക്രമ നം. | സ്ഥാപനത്തിന്റെ പേര് | കുറിപ്പുകൾ |
|---|---|---|
| 1 | അല്ലേശ് റൈസ് മിൽ (200 HP)-നെല്ല് കുത്തുന്ന കേന്ദ്രം | സമ്മതപത്രം മാത്രം |
| 2 | ആബിൻ മെറ്റൽ പ്രോഡക്ട്സ് (20 HP ) മീറ്റർ ബോക്സ് നിർമ്മാണം | സമ്മതപത്രം മാത്രം |
| 3 | വിക്ടോറിയ പോളിഫാം ( 129 HP )-പ്ലാസ്റ്റിക് വാട്ടർ ടാങ്ക് നിർമ്മാണം | അപേക്ഷ മാത്രം, അപേക്ഷയിൽ സെക്രട്ടറി ഒപ്പു വച്ചിട്ടില്ല. |

2. ശ്രീ മാധവ ഏജൻസിസ് എന്ന സ്ഥാപനം എൽ.പി.ജി ഗ്യാസ് സിലിണ്ടർ സ്റ്റോക്ക് ചെയ്യുന്നതിന് X/ 251(A ) പ്രവർത്തിച്ചു വരുന്നു. എന്നാൽ ലൈസൻസിനുള്ള അപേക്ഷയിൽ കെ.പി.ആർ ആക്ട് 233(4)സി പ്രകാരം തീ പിടിക്കുവാനോ പൊട്ടിത്തെറിക്കുവാനോ സാധ്യതയുള്ള സംഗതികളിൽ ഫയർ ഡിവിഷണൽ ഓഫീസിൽ നിന്നുള്ള സർട്ടിഫിക്കറ്റ് ഹാജരാക്കിയിട്ടില്ല.

3.എ )No.1 സോഡ -സോഡാ നിർമ്മാണം(½ HP മോട്ടോർ ), മനക്കൊടി
ബി)പെൻ സോഫ്റ്റ് ഡ്രിങ്ക്-സോഡാ നിർമ്മാണം(3 HPമോട്ടോർ )
മേൽ സ്ഥാപനങ്ങൾ അപേക്ഷയൊടോപ്പം സാനിറ്ററി സർട്ടിഫിക്കറ്റ് മാത്രമേ ഹാജരാക്കിയിട്ടുള്ളൂ. ടി സ്ഥാപനങ്ങളിൽ നിന്നും വാട്ടർ അതോറിറ്റി / സർക്കാർ അംഗീകൃത ഏജൻസിയിൽ നിന്നും ശുദ്ധജലമാണ് എന്ന് ഉറപ്പു വരുത്തുന്നതിനുള്ള ടെസ്റ്റ് സർട്ടിഫിക്കറ്റ് എന്നിവ ലഭ്യമാക്കിയിട്ടില്ല.
4.ആയുർവേദ മരുന്ന് നിർമ്മാണ സ്ഥാപനങ്ങൾക്ക് ലൈസൻസ് അനുവദിക്കുമ്പോൾ ഡ്രഗ്സ് കൺട്രോളിൽ നിന്നുള്ള സാക്ഷ്യപത്രം വാങ്ങി സൂക്ഷിക്കുന്നില്ല. SNA ഔഷധശാല ലിമിറ്റഡ് -ഗുളിക

നിർമാണം (100 Hp മോട്ടോർ).
ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്കു (നമ്പർ :19 തീയതി:11.04.19) മറുപടി ലഭ്യമായിട്ടില്ല.

## 2-3 കമ്മ്യൂണിറ്റി ഹാൾ വാടക ബൈലോ-സർക്കാർ അംഗീകാരം നേടിയിട്ടില്ല

2017-18 സാമ്പത്തിക വർഷത്തിൽ കമ്മ്യൂണിറ്റി ഹാൾ വാടക ഇനത്തിൽ 310350/- രൂപ വരവുണ്ട്. ഒരു ദിവസം വാടക 3000/ – രൂപ വീതമാണ് ഈടാക്കിയിട്ടുള്ളത്. കമ്മ്യൂണിറ്റി ഹാളിനു സർക്കാർ അംഗീകരിച്ച ബൈലോ ഓഡിറ്റിന് ഹാജരാക്കിയിട്ടില്ല. ഇത് സംബന്ധിച്ച ഓഡിറ്റ് എൻക്വയറി (നമ്പർ:09 തീയതി:09 .04.19 ) യുടെ മറുപടി തൃപ്തികരമല്ല. 1995 ലെ കേരളാ പഞ്ചായത്ത് രാജ് (ബൈലോകൾ ഉണ്ടാക്കാനുള്ള നടപടിക്രമം) ചട്ടങ്ങളിലെ ചട്ടം 3 (6) പ്രകാരം സർക്കാരിന്റെയോ, സർക്കാർ ചുമതലപ്പെടുത്തിയ ഉദ്യോഗസ്ഥന്റെയോ അംഗീകാരം വേണം. ആയതിനാൽ പ്രസ്തുത ബൈലോയുടെ സർക്കാർ അംഗീകാരം ത്വരിതഗതിയിൽ നേടുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 2-4 അനധികൃത കെട്ടിട നിർമ്മാണങ്ങൾ - യു എ നമ്പർ നൽകി വസ്തു നികുതി ഈടാക്കുന്നില്ല.

ധനകാര്യ സ്റ്റാന്റിങ്ങ് കമ്മിറ്റിയുടെ 26/7/17 ലെ തീരുമാനം നമ്പർ 19 പ്രകാരം കെട്ടിട നമ്പർ ലഭിക്കാതെ ഉപയോഗിച്ച് വരുന്ന താഴെ പറയുന്ന സ്ഥാപനങ്ങൾക്കെതിരെ നിയമാനുസൃത നടപടികൾ സ്വീകരിക്കുന്നതിന് പഞ്ചായത്ത് ഭരണസമിതിയോട് ശുപാർശ ചെയ്തിട്ടുണ്ട്.

| ക്രമ നം. | വാർഡ് നമ്പർ | കെട്ടിടത്തിന്റെ വിവരം |
|---|---|---|
| 1 | 7 | അന്നപൂർണ്ണേശ്വരി ക്ഷേത്രത്തിനോട് അനുബന്ധിച്ച ഹാൾ |
| 2 | 13 | ശ്രീ ഭദ്ര ഓഡിറ്റോറിയം,<br>ശ്രീദേവി ഓഡിറ്റോറിയം,<br>(നമ്പോർക്കാവ് ഭഗവതീക്ഷേത്രം) |
| 3 | 13 | അരിമ്പൂർ സുബ്രമണ്യക്ഷേത്രം ഹാൾ |
| 4 | 16 | കുട്ടാല മഹാവിഷ്ണു ക്ഷേത്രത്തിനോട് ചേർന്ന് ഊട്ടുപുര |
| 5 | 9 | അയ്യപ്പൻ കാവ് അമ്പലത്തിനോട് ചേർന്ന ശബരി ഓഡിറ്റോറിയം |
| 6 | 8 | മനക്കൊടി സെന്റ് ജോസഫ് ചർച്ചിനോട് ചേർന്ന ഓഡിറ്റോറിയം |

| | | |
|---|---|---|
| 7 | 8 | മേനോത്ത് പറമ്പ് അമ്പലത്തിനോട് ചേർന്ന ഹാൾ |

ടി കെട്ടിടങ്ങൾക്ക് അനധികൃത കെട്ടിട നിർമ്മാണങ്ങളോടനുബന്ധിച്ചുള്ള യു എ നമ്പർ നൽകുകയോ രണ്ടിരട്ടി പിഴയോടു കൂടി വസ്തു നികുതി ഈടാക്കുകയോ ചെയ്തിട്ടില്ല. ചില കെട്ടിട നിർമ്മാണങ്ങൾ ക്രമവത്കരിക്കുന്നതിനാവശ്യമായ നടപടികൾ നടന്നു വരുന്നതായി ഓഡിറ്റ് എൻക്വയറിക്ക് (നം.14/10.04.2019) മറുപടി നൽകിയിട്ടുണ്ട് . കെട്ടിട നിർമ്മാണം ക്രമവൽക്കരിക്കുന്നതുവരെ നിയമാനുസൃത വസ്തു നികുതി(പിഴയോടു കൂടിയത്) ഈടാക്കുവാൻ സത്വര നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 2-5 വസ്തു നികുതി നിർണ്ണയത്തിലെ അപാകതകൾ

അരിമ്പൂർ ഗ്രാമ പഞ്ചായത്തിലെ 2017-18 സാമ്പത്തിക വർഷത്തിലെ നമ്പറിങ്ങ് ഫയലുകൾ പരിശോധിച്ചപ്പോൾ വസ്തു നികുതി നിർണ്ണയത്തിൽ താഴെ പറയുന്ന അപാകതകൾ കാണുന്നു.

1.കെട്ടിട നമ്പർ 4/241 എ ,ജേക്കബ് .പി.ആർ

മാനുവൽ അസസ്സ്മെന്റ് രജിസ്റ്റർ പ്രകാരം ടി കെട്ടിടത്തിന്റെ അനുബന്ധ കെട്ടിടത്തിന്റെ (നം.4/241) തരം 'റിസോർട്ട് ' ആണ്. എന്നാൽ സഞ്ചയ പ്രകാരം 4/241നെ 'പാർപ്പിടാവശ്യം' എന്ന തരത്തിലുൾപ്പെടുത്തി 5 രൂപ /ച.മി (തറവിസ്തീർണ്ണം) നിരക്കിലാണ് നികുതി ഈടാക്കുന്നത്. റിസോർട്ടുകളിൽ നിന്നും ഏറ്റവും കുറഞ്ഞത് 80 രൂപ /ച.മി നിരക്കിലാണ് നികുതി ഈടാക്കേണ്ടത് എന്നിരിക്കേ 5 രൂപ നിരക്കിൽ നികുതി ഈടാക്കുന്നത് പഞ്ചായത്തിന് ധനനഷ്ടത്തിന് ഇടയാക്കുന്നു. ആയതിനാൽ നികുതി പുനർ നിർണ്ണയിക്കുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്

2.കെട്ടിട നമ്പർ 12/99 എ, കെ.എ ആന്റോ

സ്റ്റെയർ റൂം ഉൾപ്പെടെ 3 നിലകളുള്ള കെട്ടിടം താഴത്തെ നിലക്ക് മാത്രമാണ് വാണിജ്യാവശ്യത്തിനായി നമ്പർ നൽകിയിട്ടുള്ളത്. പക്ഷേ നികുതി നിർണ്ണയിച്ചപ്പോൾ ബഹുനില വാണിജ്യകെട്ടിടത്തിനുള്ള ഇളവ് നൽകിയിട്ടുണ്ട്. ആയത് ശരിയല്ല. നികുതി പുനർ നിർണ്ണയിക്കുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്

3.കെട്ടിട നമ്പർ 10/481 ജോസ് നെല്ലിശ്ശേരി

വാസഗൃഹം വാണിജ്യാവശ്യത്തിലേക്ക് തരം മാറ്റി നൽകിയപ്പോൾ മുൻ അസസ്മെന്റിൽ നിന്നും മാറ്റം വന്ന തറവിസ്തീർണം 44.16 ച.മീ. ന്റെ കൂടി നികുതി പുനർ നിർണ്ണയിച്ചിട്ടുണ്ട്. മാറ്റം വന്ന തറവിസ്തീർണത്തിന് മുമ്പ് നികുതി ഈടാക്കിയിരുന്നില്ല. കുടിശ്ശിക കണക്കാക്കി ഈടാക്കേണ്ടതാണ്. ആയതിന്റെ ക്രമവൽക്കരണ ഫീസും ഈടാക്കേണ്ടതാണ്

4. കെട്ടിട നമ്പർ 7/401 എ

ടി കെട്ടിടത്തിന്റെ പൂർത്തീകരണ പ്ലാൻ പ്രകാരം 240.98 ച.മീ തറവിസ്തീർണത്തിൽ പണി പൂർത്തീകരിച്ചിട്ടുണ്ട്. എന്നാൽ താഴെ പറയും പ്രകാരം 231.6496 ച.മീറ്ററിന്റെ വസ്തു നികുതി മാത്രമാണ് നിർണ്ണയിച്ചിട്ടുള്ളത്.

| കെട്ടിട നമ്പർ | തറ വിസ്തീർണം |
|---|---|
| 401 A | 24.21 |

| | |
|---|---|
| 401 B | 11.72 |
| 401 C | 7.2504 |
| 401 D | 17.6292 |
| 401 E | 85.42 |
| 401 F | 85.42 |
| ആകെ | 231.6496 |

വ്യത്യാസങ്ങൾ ക്രമീകരിച്ച് നികുതി പുനർ നിർണ്ണയിക്കേണ്ടതാണ്.

## 2-6 ഡവലപ്മെന്റ് പെർമിറ്റ് -പെർമിറ്റ് ഫീസ് ഈടാക്കിയതിൽ കുറവ്

ഡവലപ്മെന്റ് പെർമിറ്റ് -പെർമിറ്റ് ഫീസ് ഈടാക്കിയതിൽ കുറവ്

മാലതി എന്നവർക്ക് 20.74 ആർ സ്ഥലം പ്ലോട്ടുകളായി വിഭജിക്കുന്നതിന് ഡവലപ്മെന്റ് പെർമിറ്റ് (നം. A3-BA(90002/2017 തീയതി 23.11.17) അനുവദിച്ചിട്ടുണ്ട്. ആയതിന് 250/ആർ നിരക്കിൽ 5185 രൂപ പെർമിറ്റ് ഫീസ് ഈടാക്കേണ്ടതായിരുന്നു. എന്നാൽ 52 രൂപ മാത്രമാണ് ഈടാക്കിയിട്ടുള്ളത്. കുറവ് വന്ന 5133 രൂപ ഈടാക്കേണ്ടതാണ്.

## 2-7 കെട്ടിട നിർമ്മാണങ്ങളുടെ ക്രമവത്കരണം- രാജിയാക്കൽ ഫീസ് ഈടാക്കുന്നതിൽ വ്യത്യാസം

അരിമ്പൂർ ഗ്രാമ പഞ്ചായത്തിൽ 150 ച.മീ വരെയുള്ള വാസഗൃഹ നിർമ്മാണങ്ങൾ ക്രമ വത്കരിക്കുന്നതിന് പെർമിറ്റ് ഫീസിൽ പകുതി ഇളവു നൽകുന്നതായി കാണുന്നു .

ഉദാഹരണത്തിന് ,

കെട്ടിട നം 17/390 എ ,തറവിസ്തീർണം.137.7 ച.മീ

ഈടാക്കേണ്ട ഫീ.137.7x3x2=827

ഈടാക്കിയത് 137.7x1.5x2=- 414 രൂപ

കാറ്റഗറി -I പഞ്ചായത്തുകളിലെ 150 ച.മീ വരെയുള്ള കെട്ടിട നിർമ്മാണങ്ങൾക്കാണ് പെർമിറ്റ് ഫീസിൽ ഇളവ് അനുവദിക്കാവുന്നത്. അപാകത ആവർത്തിക്കാതിരിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

# ഭാഗം-3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 3-1 61,33,523/- രൂപ 5 വർഷങ്ങൾക്ക് മുൻപ് കേരള വാട്ടർ അതോറിറ്റിയിൽ നിക്ഷേപിച്ചു- പ്രവൃത്തി ഇനിയും ആരംഭിച്ചില്ല- പലിശയിനത്തിൽ മാത്രം ലക്ഷങ്ങളുടെ നഷ്ടം.

അരിമ്പൂർ പഞ്ചായത്തിലെ രൂക്ഷമായ കുടിവെള്ള ക്ഷാമം പരിഹരിക്കുന്നതിനായി 2011-12 വർഷം ആവിഷ്കരിച്ച സമഗ്ര കുടിവെള്ള പദ്ധതിക്കായി താഴെ പറയും പ്രകാരം 61,33,523/- രൂപ കേരള വാട്ടർ

അതോറിറ്റിയിൽ നിക്ഷേപിച്ചിട്ടുള്ളതാണ്.

| ക്രമ നം | വർഷം | പ്രൊജക്റ്റ് നം | ഡെപ്പോസിറ്റ് ചെയ്ത തുക | ഫണ്ടിനം |
|---|---|---|---|---|
| 1 | 2011-12 | 8/12 | 1033523 | ധനകാര്യ കമ്മീഷൻ ഗ്രാന്റ് |
| 2 | 2013-14 | 90/14 | 400000 | ജില്ലാ പഞ്ചായത്ത് വിഹിതം |
| 3 | 2014-15 | 44/15 | 4700000 | ജില്ലാ പഞ്ചായത്ത് വിഹിതം |
| | ആകെ | | 6133523/- | |

വർഷങ്ങൾക്ക് മുമ്പ് മേൽ പ്രകാരം തുക ഡെപ്പോസിറ്റ് ചെയ്തെങ്കിലും നാളിതുവരെയായി യാതൊരു പ്രവൃത്തിയും ചെയ്തിട്ടില്ല. മാത്രമല്ല, പഞ്ചായത്ത് കമ്മറ്റിയുടെ 5/9/16 ലെ 302(4)/16 നമ്പർ തീരുമാനപ്രകാരവും, 24/3/17 ലെ 2(6) നമ്പർ തീരുമാനപ്രകാരവും ഈ പദ്ധതി ഉപേക്ഷിക്കുകയാണുണ്ടായത്.

ഈ പദ്ധതിയിലെ കുടിവെള്ള സ്രോതസ്സിനായി പെരുമ്പുഴ പാടത്ത് ഗ്രാമ പഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള പഞ്ചായത്ത് കുളം ചുറ്റുമതിൽ കെട്ടി സംരക്ഷിച്ച് നല്കുകയും, തുടർന്ന് KWA യുടെ എസ്റ്റിമേറ്റ് പ്രകാരം തുറന്ന കിണർ നിർമ്മിച്ച് വാട്ടർ ടാങ്ക്, മോട്ടോർ ഷെഡ്, പമ്പ് ഹൌസ്, എന്നിവ നിർമ്മിച്ച് പൈപ്പ് ലൈൻ വലിച്ച് പദ്ധതി പൂർത്തീകരിക്കാനാണ് ഉദ്ദേശിച്ചത്. എന്നാൽ വാട്ടർ അതോറിറ്റി എക്സി. എഞ്ചിനീയറുടെ 4/11/16 ലെ കത്തിൽ വാട്ടർ അതോറിറ്റി പ്രസ്തുത സ്ഥലം സന്ദർശിച്ചപ്പോൾ പഞ്ചായത്ത് നിർമ്മാണ പ്രവൃത്തികളൊന്നും തന്നെ നടത്തിയിട്ടില്ലെന്നും, അവിടെ നിന്നും ശേഖരിച്ച വെള്ളം പരിശോധിച്ചതിൽ അത് കുടിക്കാൻ യോഗ്യമല്ലെന്നും, ആയതിനാൽ പദ്ധതി നടപ്പിലാക്കാൻ മറ്റേതെങ്കിലും ജലസ്രോതസ്സ് കണ്ടെത്തണമെന്നും അറിയിച്ചിരുന്നു. മഴക്കാലത്തിനുശേഷം, പീച്ചിഡാമിൽ നിന്നും, കെ.ടി.ഡി.സി. കനാലിൽനിന്നും ജലം ഒഴുകിയെത്തുന്ന പാടത്തുള്ള ചെളി നിറഞ്ഞ തുറന്ന കുളത്തിലെ വെള്ളമാണ് വാട്ടർ അതോറിറ്റി 21/10/16 ന് പരിശോധിച്ചത് എന്നത് ശ്രദ്ധേയമാണ്.

ഈ പദ്ധതിയിൽ താഴെ പറയുന്ന വീഴ്ചകൾ പഞ്ചായത്തിന്റെ ഭാഗത്തുനിന്നും സംഭവിച്ചതായി കാണുന്നു.

1. 2011 ൽ 67,72,500/- രൂപയുടെ എസ്റ്റിമേറ്റാണ് ഈ പദ്ധതിക്കായി വാട്ടർ അതോറിറ്റി തയ്യാറാക്കിയത്. എന്നാൽ ഇത്രയും ബൃഹത്തായ ഈ പദ്ധതിക്കായി ഒരു DPR (വിശദമായ പ്രോജക്റ്റ് റിപോർട്ട്) തയ്യാറാക്കിയിരുന്നില്ല. യാതൊരു മുന്നൊരുക്കങ്ങളോ, സാധ്യതാ പഠനമോ നടത്താതെയാണ് പദ്ധതിക്കായി വൻ തുക ഡെപോസിറ്റ് ചെയ്തത്.

2. പ്രാഥമികമായ ജല പരിശോധനപോലും നടത്തിയത് 21/10/16 നാണ്. എന്നാൽ തുക ഡെപ്പോസിറ്റ് ചെയ്തത് 2011-12 വർഷം മുതലാണ്.

3.കുടിവെള്ള സ്രോതസ്സായി കണ്ടെത്തിയ പാടത്തുള്ള കുളം ചുറ്റുമതിൽ കെട്ടി ചെളി നീക്കി സംരക്ഷിക്കേണ്ടത് പഞ്ചായത്തിന്റെ ഉത്തരവാദിത്തമായിരുന്നു. ഇത് നിർവഹിക്കുന്നതിൽ പഞ്ചായത്ത് പരാജയപ്പെട്ടു. ആയതിനാലാണ് ചെളി നിറഞ്ഞ കുളത്തിലെ ജലം പരിശോധനക്ക് വിധേയമാക്കേണ്ടി വന്നത്.

4. ഈ പദ്ധതിക്കായി ജില്ലാ പഞ്ചായത്തിൽനിന്നും താഴെ പറയുംപ്രകാരം തുക അനുവദിച്ചിരുന്നു.

2012-13 - 400000

2014-15 - 4700000

2016-17 - 5000000

ആകെ - 10100000/-

ഇതിൽ ആദ്യം ലഭിച്ച 51 ലക്ഷം രൂപ മുകളിൽ കാണിച്ച പ്രകാരം KWA യിൽ ഡെപ്പോസിറ്റ് നല്കുകയും, ബാക്കി 50 ലക്ഷം രൂപ തനത് ഫണ്ടിൽ നിക്ഷേപിക്കുകയും ചെയ്തു. 2016-17 ൽ സമഗ്ര കുടിവെള്ള പദ്ധതി ഉപേക്ഷിക്കാൻ തീരുമാനിക്കുകയും, മറ്റൊരു പദ്ധതിയായ ചാലുകുളം പദ്ധതി ഏറ്റെടുക്കാൻ തീരുമാനിക്കുകയുമായിരുന്നു. തനത് ഫണ്ടിൽ നിക്ഷേപിച്ച 50 ലക്ഷമുപയോഗിച്ച് ചാലുകുളത്തിന് സംരക്ഷണ ഭിത്തി നിർമ്മിച്ച് കുടിവെള്ള സ്രോതസ്സാക്കി മാറ്റാനായിരുന്നു പദ്ധതി. തുടർന്ന് സമഗ്ര കുടിവെള്ള പദ്ധതിക്കായി വാട്ടർ അതോറിറ്റിയിൽ നിക്ഷേപിച്ച തുക ഉപയോഗിച്ച് പദ്ധതി പൂർത്തീകരിക്കാനാണ് പഞ്ചായത്ത് തീരുമാനിച്ചിരിക്കുന്നത്. എന്നാൽ ചാലുകുളത്തിന് സംരക്ഷണ ഭിത്തി കെട്ടുന്ന പ്രവൃത്തി 2018-19 ലും പൂർത്തീകരിച്ചിട്ടില്ല. പദ്ധതികളൊന്നും തന്നെ സമയബന്ധിതമായി പൂർത്തീകരിക്കാൻ പഞ്ചായത്തിനാകുന്നില്ല.

5. കേരള വാട്ടർ അതോറിറ്റിയുമായി ഒരു കരാറിൽ പോലും ഏർപ്പെടാതെയാണ് 61,33,523/- രൂപ കൈമാറിയത്. ഇത് ഗുരുതരമായ വീഴ്ചയാണ്. 61,33,523/- രൂപ കഴിഞ്ഞ 5 വർഷമായി വാട്ടർ അതോറിറ്റിയിൽ നിക്ഷേപിച്ചിരിക്കുകയാണ്. ഇതിന് 5 വർഷത്തേക്ക് 12% സാധാരണ പലിശയിനത്തിൽ തന്നെ 36,80,114/- രൂപ വരുന്നുണ്ട്. യാതൊരു മുന്നൊരുക്കങ്ങളോ പഠനമോ നടത്താതെയും, പൊതു പണം ചെലവഴിക്കുമ്പോൾ പാലിക്കേണ്ട നിബന്ധനകൾ പാലിക്കാതേയുമാണ് പഞ്ചായത്ത് തുക ചെലവഴിച്ചത്. ആയതിനാൽ ഇത് പൊതു പണത്തിന്റെ ദുർവിനിയോഗമായി കണക്കാക്കേണ്ടതാണ്. ഇക്കാര്യത്തിൽ വിശദമായ ഒരു അന്വേഷണം നടത്തി നഷ്ടോത്തരവാദിത്തം കണ്ടെത്തി നഷ്ടം ഈടാക്കുന്നതിന് ഓഡിറ്റിൽ ശുപാർശ ചെയ്യുന്നു.

2011 ലാണ് 67,72,500/- രൂപയുടെ എസ്റ്റിമേറ്റ് വാട്ടർ അതോറിറ്റി തയ്യാറാക്കിയത്. അതിനുശേഷം നിരവധി തവണ ഷെഡ്യൂൾ നിരക്കിൽ മാറ്റം വന്നിട്ടുണ്ട്. ആയതുകൊണ്ടുതന്നെ ചാലുകുളം പദ്ധതിക്കായി പുതിയ എസ്റ്റിമേറ്റ് തയ്യാറാക്കുമ്പോൾ ലക്ഷക്കണക്കിന് രൂപയുടെ നഷ്ടം വേറേയും സംഭവിക്കുന്നതാണ്.

## 3-2 കുടിവെള്ള പദ്ധതികൾ - വിനിയോഗ, പൂർത്തീകരണ വിവരങ്ങൾ ലഭ്യമാക്കിയില്ല.

മുൻ വർഷങ്ങളിൽ വിവിധ കുടിവെള്ള പദ്ധതികൾക്കായി കേരള വാട്ടർ അതോറിറ്റി, ഗ്രൗണ്ട് വാട്ടർ ഡിപ്പാർട്ട്മെന്റ് എന്നിവയിൽ നിക്ഷേപിച്ച താഴെ പറയുന്ന തുകകളുടെ വിനിയോഗ, പൂർത്തീകരണ വിവരങ്ങൾ ലഭ്യമാക്കിയില്ല.

| ക്രമ നം | പദ്ധതിയുടെ പേര് | ഡെപ്പോസിറ്റ് തുക | വൗച്ചർ നം./തീയ്യതി | നിർവ്വഹണ ഏജൻസി |
|---|---|---|---|---|
| 1. | ചക്കിമുന കുടിവെള്ള പദ്ധതി | 720000 | 21401257/31-3-15 | KWA |

| | | | | |
|---|---|---|---|---|
| 2 | നാലു സെന്റ് ,, | 580000 | 21401230/31-3-15 | ,, |
| 3 | മുനയം റോഡ് ,, | 872000 | 21401231/31-3-15 | ,, |
| 4 | അംബേദ്കർ ,, | 745000 | 21401232/31-3-15 | ,, |
| 5 | വടക്കുംപുറം ,, | 1750000 | 41500217/31-3-16 | ,, |
| 6 | താണിപ്പറമ്പ് ,, | 1358000 | 41500218/31-3-16 | ,, |
| 7 | പുതിയ പൈപ്പ് ഇടൽ- 154/18 | 590000 | ട്ര.ബി.നം 51/20-9-17 | ,, |
| 8 | കുടിവെള്ള പദ്ധതി | 130000 | 21401233/31-3-15 | GWD |

വിനിയോഗ, പൂർത്തീകരണ വിവരങ്ങൾ ആവശ്യപ്പെട്ടുകൊണ്ട് നല്കിയ ഓഡിറ്റ് എൻക്വയറിക്ക് (നം.1/6-4-19) നല്കിയ മറുപടിയിൽ ഇതു സംബന്ധിച്ച വിവരങ്ങൾ അസി. എഞ്ചിനീയറുടെ ഓഫീസിൽനിന്നും ലഭ്യമാക്കുമെന്നാണ് അറിയിച്ചത്. എന്നാൽ അസി.എഞ്ചിനീയറുടെ ഓഫീസിൽനിന്നും മറുപടിയൊന്നും ലഭ്യമാക്കിയില്ല. നിർവഹണ ഏജൻസികളിൽനിന്നുള്ള വിനിയോഗ, പൂർത്തീകരണ വിവരങ്ങൾ ഓഡിറ്റിന് ലഭ്യമാക്കേണ്ടതാണ്. തുക ഡെപ്പോസിറ്റായി നൽകുന്നതിനു മുമ്പ് വാട്ടർ അതോറിറ്റിയുമായി കരാറിൽ ഏർപ്പെട്ടിരുന്നുവോ എന്നും, കാലതാമസം വരുത്തിയതിന് തുടർനടപടികൾ സ്വീകരിച്ചിട്ടുണ്ടോ എന്നും അറിയിക്കേണ്ടതാണ്.

## 3-3 ടെണ്ടർ കുറവ് കണക്കാക്കാതെ മുഴുവൻ തുകയും അനുവദിച്ചു- 20682/- രൂപയുടെ നഷ്ടം

പ്രൊജക്റ്റ് നം. 58/17- മൈത്രി നഗർ റോഡ് മെറ്റലിംഗ് &ടാറിംഗ്.

എം.ബുക്ക് നം. 278/14-15

കരാറുകാരൻ -അനുരാഗ്

ട്രഷറി ബിൽ നം. 25/11-7-17 Rs.2,04,109/-

മേൽ പ്രവൃത്തിക്കുള്ള കരാറുകാരന്റെ ടെണ്ടറിൽ 7% below estmate rate എന്ന് രേഖപ്പെടുത്തിയിരുന്നു. എന്നാൽ ഫൈനൽ ബിൽ തയ്യാറാക്കിയപ്പോൾ ആകെ പ്രവൃത്തിമൂല്യമായ 2,95,455/- രൂപയുടെ 7% തുകയായ 20,682/- രൂപ കുറവ് ചെയ്തില്ല. ആയതിനാൽ നഷ്ടം വന്ന 20,682/- രൂപ കരാറുകാരനിൽ നിന്നോ, ബന്ധപ്പെട്ട അസി. എഞ്ചിനീയറിൽ നിന്നോ തിരികെ ഈടാക്കേണ്ടതാണ്. ഇതുമായി ബന്ധപ്പെട്ട് നല്കിയ ഓഡിറ്റ് എൻക്വയറിക്ക് (നം.16/11-4-19) ലഭ്യമാക്കിയ മറുപടിയിൽ ടി. തുക കരാറുകാരനിൽ നിന്നും തിരികെ ഈടാക്കി പഞ്ചായത്തിൽ അടവാക്കുന്നതാണെന്ന മറുപടി ലഭ്യമാക്കിയിട്ടുണ്ട്.

## 3-4 കാലതാമസത്തിന് ഫൈൻ ഈടാക്കുന്നില്ല.

പ്രൊജക്റ്റ് നം.96/18- ഹരിത റോഡ് സോളിംഗ്, മെറ്റലിംഗ്, ടാറിംഗ് ഡ്രെയിൻ നിർമ്മാണം

കരാറുകാരൻ - അനുരാഗ് പി.പി.

മേൽ പ്രവൃത്തിയുടെ കരാർ തീയ്യതി 31-3-17 ആണ്. ടെണ്ടർ നോട്ടീസ് പ്രകാരം പൂർത്തീകരണ കാലം ആറ് മാസമായതിനാൽ 30-9-17 ന് പ്രവൃത്തി പൂർത്തീകരിക്കണമായിരുന്നു. എന്നാൽ പൂർത്തീകരിച്ചത് 15-3-18 നും, ഫൈനൽ ബിൽ അനുവദിച്ചിരിക്കുന്നത് 2018-19 വർഷത്തിലുമാണ്. കരാറുകാരൻ കാലപരിധി ദീർഘിപ്പിക്കുന്നതിന് അപേക്ഷ സമർപ്പിക്കുകയോ, പഞ്ചായത്ത് കമ്മറ്റി കാലാവധി ദീർഘിപ്പിച്ച് നല്കുകയോ ചെയ്തിട്ടില്ല. ടിയാൻ സപ്ലിമെന്ററി എഗ്രിമെന്റും വെച്ചിട്ടില്ല. കാലതാമസത്തിന് ഫൈനൽ ബില്ലിൽ നിന്നും ഫൈൻ ഈടാക്കിയിട്ടില്ല. ഇതുമായി ബന്ധപ്പെട്ട് നല്കിയ ഓഡിറ്റ് എൻക്വയറിക്ക്(നം.16/11-4-19) നല്കിയ മറുപടിയിൽ ഫൈൻ ഈടാക്കി അടവാക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്.

## 3-5 അസിസ്റ്റന്റ് സെക്രട്ടറി നടപ്പാക്കിയ പദ്ധതികൾ --അപാകതകൾ

1.S133/18- പട്ടികജാതി വിദ്യാർത്ഥികൾക്ക് മേശയും കസേരയും

ബിൽ നം --12/17-18/5.2.18--- 129347

ഫിഡ്കോ എൻറർപ്രൈസസ്, കോഴിക്കോട് എന്ന സ്ഥാപനത്തിൽ നിന്ന് 26 മേശയും കസേരയുംവാങ്ങി.

എല്ലാ വിദ്യാർത്ഥികളുടെയും സ്കൂളിൽ നിന്ന് ലഭ്യമാക്കിയ ലിസ്റ്റ് സ്കൂൾ അധികൃതർ സാക്ഷ്യപ്പെടുത്തിയിട്ടില്ല. വിദ്യാർത്ഥികൾ പട്ടികജാതി വിഭാഗത്തിൽപ്പെടുന്നവരാണെന്ന് സാക്ഷ്യപ്പെടുത്തുകയോ വിദ്യാർത്ഥികളുടെ ജാതി തെളിയിക്കുന്ന സർട്ടിഫിക്കറ്റ് ഹാജരാക്കുകയോ ചെയ്തിട്ടില്ല.

1.സൗരവ് വി ആർ, വാരിയത്തുംപടി

2.ഷാരുൺ പി എസ് പുളിക്കൽ

3.ജിബിൻ സി കെ ചക്കാടൻ

4.അഭിഷേക് സി എസ്, ചിറ്റൂർ

5.അനന്തകൃഷ്ണൻ കെ കാരയിൽ

6.സഞ്ജയ് എസ്, കൈപ്പിള്ളി

7.സഞ്ജയ് സുഭാഷ്, മങ്ങാട്ട്

8.ജിഷ്ണ എം ബി, മാരാൽ

9.ഗൗതം ഗോപൻ.വടക്കേപ്പുരക്കൽ

10.ശ്രീഷ്മ പ്രേമൻ, തലേപ്പറമ്പിൽ

11.നിഷാന്ത് എം എസ്, ഊട്ടുകുളം

12.അഖിനേഷ് കെ എ, കൊക്കിണി

13.നവ്യ ചന്ദ്രൻ മങ്ങാട്ട്

14.അക്ഷര സുനിൽ, മങ്ങാട്ട്പറമ്പിൽ

15.ആർഷ കെ ജെ, കളത്തിൽ

16.അലീന കെ ജെ കിഴക്കേപ്പുരക്കൽ

17.സോന എം എസ്, മങ്ങാട്ട്

18.കൃഷ്ണപ്രിയ വി എസ്, വിളക്കുമാടം

19.അഞ്ജു എൻ ജി നാരങ്ങൽ

20.ശ്രീപാർവതി പി എസ്, പുറത്തുമുറിയിൽ

കുട്ടികളാരും മേശ കസേര കൈപ്പറ്റിയതായി തീയതി ചേർത്ത കൈപ്പറ്റ് രസീത് നൽകിയിട്ടില്ല.പകരം രജിസ്റ്ററിൽ തീയതി ഇല്ലാതെ ഒപ്പുമാത്രം ചേർക്കുകയാണ്.

സ്കൂൾ അധികൃതരിൽനിന്ന് വിദ്യാർത്ഥികളുടെ ലിസ്റ്റ് സാക്ഷ്യപ്പെടുത്തി ലഭ്യമാക്കേണ്ടതാണ്.

2.S147/18—പത്താംതരം വിദ്യാർത്ഥികൾക്ക് സൈക്കിൾ

ബിൽ നം.--11/5.2.18--240735

മെട്രോ ഏജൻസീസ്, കടവല്ലൂർ എന്ന സ്ഥാപനത്തിൽ നിന്ന് 34 ബോയ്സ് 19 ഗേൾസ് സൈക്കിളുകൾ വാങ്ങി.

ബിൽ നം.--16/31.3.18-- 78045

മെട്രോ ഏജൻസീസ്, കടവല്ലൂർ എന്ന സ്ഥാപനത്തിൽ നിന്ന് 8ബോയ്സ് 9ഗേൾസ് സൈക്കിളുകൾ വാങ്ങി.

ടെണ്ടർ നോട്ടീസിൽ സ്പെസിഫിക്കേഷൻ പ്രത്യേകം ചേർത്തിട്ടില്ല. BSAസൈക്കിളിന് കുറവ് തുക ക്വോട്ട് ചെയ്ത മെട്രോ ഏജൻസീസ് എന്ന സ്ഥാപനത്തെ അംഗീകരിക്കുന്ന എന്നാണ് 27.9.17ലെ ഭരണസമിതിയുടെ 1(7)തീരുമാനം. അതിലും കുറവ് തുക ക്വോട്ട് ചെയ്ത സ്ഥാപനങ്ങൾ ഉണ്ടായിരുന്നു. എന്തുകൊണ്ടാണ് ഒരു പ്രത്യേകബ്രാന്റ് വാങ്ങിയത് എന്ന് വ്യക്തമല്ല. എപ്രകാരമാണ് ഗുണമേന്മ ഉറപ്പുവരുത്തിയതെന്ന് വ്യക്തമല്ല.

വിവിധ സ്ഥാപനങ്ങൾ ക്വോട്ട് ചെയ്ത തുകകൾ ചുവടെ ചേർക്കുന്നു.

| സ്ഥാപനം | HERO | | BSA | |
|---|---|---|---|---|
| | Boys | Girls | Boys | Girls |
| സഫാരി സൈക്കിൾ, മലപ്പുറം | 4215 | 4300 | 4765 | 4950 |
| സെൻഏജൻസീസ് വടക്കാഞ്ചേരി | 4044 | 4199 | 4675 | 4844 |
| മെട്രോ ഏജൻസീസ് | 4320 | 4635 | 4440 | 4725 |
| എം എ റഹിം സദ ട്രേഡിംഗ് | 4988 | 4999 | | |

കുറഞ്ഞ നിരക്ക് ക്വോട്ട് ചെയ്ത സ്ഥാപനത്തെ ഒഴിവാക്കി ഉയർന്ന നിരക്കുള്ളവ തെരഞ്ഞെടുക്കുമ്പോൾ ഗുണമേന്മ ക്ഷമതയുള്ള വ്യക്തികളെക്കൊണ്ട് പരിശോധിച്ച് ഉറപ്പുവരുത്തേണ്ടതാണ്.

ആര്യ ആനന്ദ് എന്ന കുട്ടിയുടെ സ്കൂൾ, ജാതി സർട്ടിഫിക്കറ്റ് ഇല്ല.

കുട്ടികളുടെ തീയതി ചേർത്ത കൈപ്പറ്റ് രസീത് നൽകിയിട്ടില്ല. പകരം രജിസ്റ്ററിൽ തീയതി ഇല്ലാതെ ഒപ്പുമാത്രം ചേർക്കുകയാണ് ചെയ്തത്.

അപാകതകൾ ആവർത്തിക്കാതിരിക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്.

3.S149/18-- പട്ടികജാതി വിദ്യാർത്ഥികൾക്ക് പഠനോപകരണങ്ങൾ വാങ്ങൽ ലാപ്പ്ടോപ്പ്

ബിൽ നം.--17/31.3.18--1340505

ഇൻഡസ് ഇമാർക്കറ്റ് കോഴിക്കോട് എന്ന സ്ഥാപനത്തിൽ നിന്ന് 45 ലാപ്പ്ടോപ്പ് വാങ്ങി.

അപാകതകൾ

1.ടെണ്ടർഫീ ഇനത്തിൽ 3 സ്ഥാപനങ്ങൾ അടവാക്കിയ 8,568(3*2856) പഞ്ചായത്ത് ഫണ്ടിൽ ലഭ്യമായിട്ടില്ല.

2.6.2.18 ലെ 3(6)തീരുമാനപ്രകാരം 45 പേരുടെ ലിസ്റ്റ് ഭരണസമിതി അംഗീകരിച്ചു.അടുത്ത ഗ്രാമസഭയിൽ സാധൂകരണത്തിനായി സമർപ്പിക്കുന്നതിന് തീരുമാനിച്ചുവെങ്കിലും ആയത് ഓഡിറ്റിന് ലഭ്യമായിട്ടില്ല.

3.തീയതി ചേർത്ത കൈപ്പറ്റ് രസീത് നൽകിയിട്ടില്ല. പകരം രജിസ്റ്ററിൽ തീയതി ഇല്ലാതെ ഒപ്പുമാത്രം ചേർക്കുകയാണ്.

4.25 പേർ പാരലൽ കോളേജിൽ പഠിക്കുന്നവരാണ്. സർവകലാശാല രജിസ്ട്രേഷൻ ലഭിച്ചതിന്റെ രേഖകൾ ഹാജരാക്കിയിട്ടില്ല.

| പേര് | കോഴ്സ് | സ്ഥാപനം |
|---|---|---|
| മിരണ്യ വി എം | ബികോം | ശക്തൻതമ്പുരാൻ കോളേജ്,തൃശ്ശൂർ |
| അഭില കെഎസ് | ബികോം | ശക്തൻതമ്പുരാൻ കോളേജ്, തൃശ്ശൂർ |
| മിനു വികെ | എംബി എ | ലക്ഷ്മി കോളേജ് |
| ശരണ്യ വാസുദേവൻ | ബികോം | നിർമ്മല കോളേജ്, തൃശ്ശൂർ |
| വി കെ മിനി | എംഎസ് സി | നന്ദ ആർട്സ് ആന്റ് സയൻസ് കോളേജ്, കോയമ്പത്തൂർ |
| ശ്യാമപ്രസാദ് പി എം | ഡിഗ്രി | കൈരളി വിദ്യാപീഠം, തൃശ്ശൂർ |

| | | |
|---|---|---|
| ഷിജിത എം എസ് | ബികോം | ശക്തൻതമ്പുരാൻ കോളേജ്, തൃശ്ശൂർ |
| ആരതി എൻ ആർ | ബികോം | നിർമ്മല കോളേജ്, തൃശ്ശൂർ |
| നവ്യ ബാലൻ | ബികോം | നിർമ്മല കോളേജ്, തൃശ്ശൂർ |
| ലിജീഷ ജയൻ | ബികോം | നിർമ്മല കോളേജ്, തൃശ്ശൂർ |
| നിധീഷ് കെഎസ് | ബികോം | കോഓപ്പറേറ്റീവ് കോളേജ്, തൃശ്ശൂർ |
| സയന സുരേഷ് | എംകോം | പിജിസെന്റർ, തൃശ്ശൂർ |
| പാർവതിമോഹൻദാസ് | ഡിസിഎ | എൽബിഎസ് സെന്റർ, ഗുരുവായൂർ |
| അർജ്ജുൻ ടിഎസ് | ബികോം | മായ കോളേജ്, വലപ്പാട് |
| രജീഷ് രാമകൃഷ്ണൻ | ബികോം | കൈരളി വിദ്യാപീഠം, തൃശ്ശൂർ |
| വിഷ്ണു സി | ഡിപ്ലോമ ഓട്ടോമൊബൈൽ എഞ്ചിനീയറിംഗ് | BRDഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ടെക്നോളജി, കുന്നംകുളം |
| പ്രശാന്ത് ഇ പി | MBA | ചിൻമയ മിഷൻ കോളേജ്, തൃശ്ശൂർ |
| അഖില ഷാബു | ബികോം | ശക്തൻതമ്പുരാൻ കോളേജ്, തൃശ്ശൂർ |
| നവീൻ കെ രാജൻ | ബികോം | ചിൻമയ മിഷൻ കോളേജ്, തൃശ്ശൂർ |
| ഷാൽവി വിആർ | BASociology | മഹാരാജാസ് കോളേജ് |
| ജിഷ്ണ എം വി | ബികോം | കോഓപ്പറേറ്റീവ് കോളേജ്, തൃശ്ശൂർ |

രേഖകൾ ഹാജരാക്കുന്നത് വരെ ചെലവ് തുക തടസ്സപ്പെടുത്തുന്നു.

## 3-6 പട്ടികജാതി വിദ്യാർത്ഥികൾക്ക് പഠനമുറി -- വസ്തുനികുതി പുനനിർണ്ണയിച്ചിട്ടില്ല

1.S058/18—പട്ടികജാതി വിദ്യാർത്ഥികൾക്ക് പഠനമുറി

(2016-17 ലെ സ്പിൽ ഓവർ പദ്ധതിയാണിത്.)

നിർവഹണഉദ്യോഗസ്ഥൻ ---അസിസ്റ്റന്റ് സെക്രട്ടറി

ബിൽ നം.--3/31.7.17—5,00,000

9/31.10.17–2,50,000

14/31.3.18-- 1,50,000

18/31.3.18---54,407

800 ചതുരശ്രഅടിയിൽ അധികരിക്കാത്ത വീടിനോട് ചേർന്ന് 120ചതുരശ്രഅടിയിൽ കുറയാത്ത പഠനമുറിയാണ് നിർമ്മിക്കാവുന്നത്. (ജി ഒ (ആർ ടി)626/16 /ത.സ്വ.ഭ.വ തീയതി 16.2.16) ഇപ്രകാരം നിർമ്മിച്ച മുറികൾക്ക് വസ്തുനികുതി നിർണ്ണയിച്ചിട്ടില്ല.

| പേര് | കെട്ടിടനമ്പർ | NOC |
|---|---|---|
| സുനിത | 17/460 | A3-2760/17/22.5.17 |
| ശാരദ | 7/52 | |
| പ്രസന്ന | 1/443 | A3-4080/17/13.6.17 |
| ഓമന | 2/389A | A3-2896/17 |
| ജയപ്രകാശൻ | 2/400 | A3-3230/17/19.5.17 |
| സരോജിനി | 13/147A | A3-2247/17/22.5.17 |
| രാധ | 12/278A | A3-2443/17/18.5.17 |
| അരുൺ | 14/185 | A3-2309/17/18.5.17 |
| മിനി | 4/432A | |
| അനില | 15/369 | A3-1585/17 |
| ഗീത | 10/407 | |
| ലത | | A3-2136/12.4.17 |
| വിജയകുമാരി | | A3-1953/12.6.17 |
| ശകുന്തള | --- | --- |
| സദ ജനാർദനൻ | | A3-1659/17/5.4.17 |

ഗുണഭോക്താക്കൾ നിലവിലുള്ള മുറി പഠനമുറിയാക്കുകയല്ല മറിച്ച് പുതിയ മുറി നിർമ്മിച്ചിട്ടുണ്ടെന്നും ആയത് സർക്കാർ ഉത്തരവിലുള്ള വിസ്തീർണ്ണത്തിൽ അധികരിച്ചിട്ടില്ല എന്ന് ഉറപ്പുവരുത്തേണ്ടതുമാണ്.

ഇവക്ക് വസ്തുനികുതി നിർണ്ണയിക്കുന്നതിന് നടപടികൾ സ്വീകരിക്കേണ്ടതാണ്.

2.S134/18 –പട്ടികജാതി വിദ്യാർത്ഥികൾക്ക് പഠനമുറി

നിർവഹണഉദ്യോഗസ്ഥൻ --- വി ഇ ഒ (മനക്കൊടി സർക്കിൾ)

ബിൽ നം-- 3/17-18/9.1.18–2,50,000

4/15.2.18--- 7,50,000

50,000രൂപ വീതം 20പേർക്ക് നൽകി.

800ചതുരശ്രഅടി വിസ്തീർണ്ണമുള്ള വീടുകളിൽ 100ചതുരശ്രഅടിയിൽ അധികരിക്കാത്ത പഠനമുറിയാണ് നിർമ്മിക്കുവാൻ പാടുള്ളൂ. (ജി ഒ (ആർ ടി)1683/17 /23.5.17)എന്നാൽ അധികവലിപ്പമുള്ള മുറി

പണിയാൻ NOC എടുത്തിട്ടുണ്ട്. 17 ഗുണഭോക്താക്കളും 120m2 ന് മുകളിലാണ് NOC എടുത്തിട്ടുള്ളത്. 2017-18 വർഷം പ്രവൃത്തി പൂർത്തീകരിച്ചിട്ടില്ല.

| പേര് | കെട്ടിടനമ്പർ | Area/NOC |
|---|---|---|
| ഗീത, തിരുമംഗലത്ത് | | 18.26m2/A3-8751 /17/4.12.17 |
| ശശി, പുളിക്കൽ | | 26.95m2/A3-8518 /17/12.12.17 |
| ഉണ്ണികൃഷ്ണൻ, തച്ചംപുള്ളി | | 16.34m2/ A3-8519/17 /7.12.17 |
| സുരേഷ്കുമാർ, കാഞ്ഞിരപറമ്പിൽ | 17/406 | 15.97m2/A3-8681 /17/4.12.17 |
| രജനി.ചക്കാടത്ത് | 17/434 | 12.26m2/A3-8502 /17/27.11.17 |
| ബാബു, മാരാൻ | 1/481 | 11.09m2/A3-8350 /17/23.11.17 |
| രാധാകൃഷ്ണൻ, വെച്ചൂർ | 1/341 | 11.64m2/A3-8447 /17/23.11.17 |
| സുസ്മിത വാസു | 17/439A | 15.23m2/A3-8692 /17/4.12.17 |
| രവി.മങ്ങാട്ട് | 2/384A | 11.89m2/A3-8580 /17/4.12.17 |
| സുരേഷ്, കോടോക്കി | 15/378 | 11.49m2/A3-8548 /17/7.12.17 |
| സുനിൽ കറുത്തേതിൽ | 10/408A | 11.75m2/A3-8989 /17/12/.12.17 |
| ഇന്ദു,കിഴക്കേപ്പുറത്ത് | 6/604 | 11.41m2/A3-8972 /17/12.12.17 |
| സുഭദ്ര, മങ്ങാട്ട് | 2/405 | 13.74m2/A3-8743 /17/7.12.17 |
| രമഭാസ്കരൻ, പെരിങ്ങാട്ടിൽ | 13/281 | 11.26m2/A3-8649 /17/29.11.17 |
| ലതകുമാരൻ, കാഞ്ഞിരപറമ്പിൽ | 17/396 | 11.29m2/A3-8500 /17/23.11.17 |
| അനിത സന്തോഷ്.മങ്ങാട്ട് | | A3-1034/18/26.3.18 |
| ശാന്തി മോഹൻ | 15/175 | 11.80m2/A3-8772 /17/7.12.17 |

ഇപ്രകാരം അധികവിസ്തീർണ്ണത്തിൽ മുറി പണിയുന്നതിന് NOC എടുത്ത ഗുണഭോക്താക്കൾ ഉൾപ്പെടെ 20 ഗുണഭോക്താക്കളും നിയമാനുസൃതപരിധിയിൽ നിന്ന് പ്രവൃത്തി പൂർത്തിയാക്കിയിട്ടുണ്ടെന്ന് ഉറപ്പുവരുത്തേണ്ടതാണ്. എല്ലാ ഗുണഭോക്താക്കളുടെയും വസ്തുനികുതി പുനർനിർണ്ണയിക്കേണ്ടതാണ്.

# 3-7 മെഡിക്കൽ ഓഫീസർ നടപ്പാക്കിയ പദ്ധതികൾ--

## അപാകതകൾ

1.സാന്ത്വനപരിചരണം(S013/18) --മരുന്നുകൾ ലഭ്യമായിട്ടില്ല.

ചെക്ക് നം.3387724/19.3.18പ്രകാരം ബ്ലോക്ക്, ജില്ലാപഞ്ചായത്ത് വിഹിതമായി മെഡിക്കൽ ഓഫീസർക്ക് 4,00,000രൂപ പഞ്ചായത്ത് കൈമാറി. ആയത് ചെക്ക് നം.3397327, 3397326/28.3.18 പ്രകാരം KMSCLന് കൈമാറി. എന്നാൽ നാളിതുവരെ മരുന്നുകൾ ലഭ്യമായിട്ടില്ല. മരുന്നുകൾ ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

2.ഡി ആന്റ് ഒ ട്രേഡ് പരിശോധനകൾക്കായി തുക ചെലവഴിച്ചു.

S022/18—അരിമ്പൂർ പഞ്ചായത്തിലെ ജനങ്ങൾക്കുള്ള രോഗപ്രതിരോധപ്രവർത്തനങ്ങൾ എന്ന പദ്ധതിയിൽ 22,000രൂപ ഡി ആന്റ് ഒ ട്രേഡ് പരിശോധനകൾക്കായി ചെലവഴിച്ചിരിക്കുന്നു.

| ബിൽ നം, തുക | ഡി.&ഒ ചെലവ് |
|---|---|
| 10/17-18/24.10.17-- 2500 | 1000 |
| 13/17-18/18.11.17--2500 | 1000 |
| 16/17-18/11.1.18--2500 | 1500 |
| 19/17-18/29.1.18--2500 | 1000 |
| 26/17-18/13.3.18--5500 | 4000 |
| 32/17-18/28.3.18--10000 | 8500 |
| 29/17-18/23.3.18--7000 | 5000 |

പദ്ധതി വിഹിതത്തിൽ നിന്ന് ഇപ്രകാരം ചെലവ് ചെയ്യാൻ പാടില്ല. ഡി.&ഒ ഇൻസ്പെക്ഷൻ ഹെൽത്ത് ഇൻസ്പെകർമാരുടെ ഔദ്യാഗിക കൃത്യ നിർവ്വഹണത്തിന്റെ ഭാഗമായി നടത്തേണ്ട പ്രവൃത്തിയായതിനാൽ, ആയതിന് പദ്ധതി തുകയിൽ നിന്നും തുക അനുവദിച്ചു നൽകാവുന്നതല്ല. പല വൗച്ചറുകളിലും വെഹിക്കിൾ നംമ്പർ, ഡ്രൈവറുടെ പേര്, ലൈസൻസ് നമ്പർ എന്നിവ ഇല്ല. വരും വർഷങ്ങളിൽ പദ്ധതി ആസൂത്രണം ചെയ്ത് നടപ്പാക്കുമ്പോൾ അപാകത ആവർത്തിക്കാതിരിക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്.

# 3-8 വെറ്ററിനറിസർജൻ നടപ്പാക്കിയ പദ്ധതികൾ

1.S043/18-തെരുവുനായവന്ധീകരണം

ബിൽ നം.--1/2017-18/13.9.17—10,00,000

തുക ജില്ലാപഞ്ചായത്തിന് കൈമാറിയതല്ലാതെ ചെലവ് വിവരം ലഭ്യമാക്കിയിട്ടില്ല. പദ്ധതി പൂർത്തീകരിക്കുന്ന മുറക്ക് ജില്ലാപഞ്ചായത്തിൽ നിന്ന് വിനിയോഗവിവരം ലഭ്യമാക്കേണ്ടതാണ്.

2.S002/18—മൃഗാശുപത്രിയിലേക്ക് മരുന്നുവാങ്ങൽ

ബിൽ നം.--8/17-18/22.3.18—2,00,000

ടെണ്ടറുകൾ ഭരണസമിതി അംഗീകരിച്ചതിന്റെ വിവരം, സപ്ലൈഓർഡർ എന്നിവ ഇല്ല. ടെണ്ടർനോട്ടീസിലെ തീയതി 30.8.17ആണ്. ടെണ്ടറിന്റെ അവസാനതീയതി 16.9.17.ടെണ്ടർ

സമർപ്പിക്കുവാൻ വേണ്ടത്ര സമയം നൽകിയിട്ടില്ല. ഏതെല്ലാം പത്രങ്ങളിൽ പരസ്യം നൽകിയെന്നും വ്യക്തമല്ല.

2017-18 ലെ സബ്സിഡി മാർഗ്ഗരേഖ ഖണ്ഡിക 2-7 പ്രകാരം നിർവ്വഹണ ഉദ്യോഗസ്ഥന്റെ വാങ്ങലുകൾക്ക് സ.ഉ.(പി)നം.259/10/ത.സ്വ.ഭ.വ തീയതി 08-11-2010 പ്രകാരമുള്ള പ്രൊക്യൂർമെന്റ് മാർഗ്ഗരേഖയാണ് ബാധകം. മേൽ മാർഗ്ഗരേഖ പ്രകാരം മതിപ്പുവില 1,00,000/- രൂപയിൽ കൂടുതലുള്ള എല്ലാ വാങ്ങലുകൾക്കും ഓപ്പൺ ടെണ്ടർ രീതി അവലംബിക്കേണ്ടതാണ്. വ്യാപക പ്രചാരമുള്ള ഒരു ഇംഗ്ലീഷ് ദിനപത്രത്തിലും മലയാളം ദിനപത്രത്തിലും പരസ്യം നൽകേണ്ടതാണ്. പരസ്യതീയതി മുതൽ 21 ദിവസം ടെണ്ടർ ഫോറം വില്പന നടത്തേണ്ടതാണ്.

സ്റ്റോക്ക് രജിസ്റ്റർ വർഷാന്ത്യത്തിൽ പരിശോധിച്ച് സാക്ഷ്യപ്പെടുത്തുന്നില്ല.

വിഷു മെഡിക്കൽ ഏജൻസീസ്, തൃശ്ശൂർ ഹാജരാക്കിയ ഡെപ്പോസിറ്റ് രസീതി(2000രൂപ) ഒറിജിനൽഫയലിൽ സൂക്ഷിച്ചിരിക്കുന്നു. നിരതദ്രവ്യം ഡെപ്പോസിറ്റ് രസീത് ആയി സ്വീകരിക്കുമ്പോൾ ട്രഷറി സേവിംഗ്സ് ഡെപ്പോസിറ്റ്, SBI യുടെ 6 മാസത്തിൽ കുറയാത്ത കാലയളവിലേയ്ക്കുള്ള ഡെപ്പോസിറ്റ് എന്നിവ മാത്രമേ പാടുള്ളൂ. മറ്റ് ഡെപ്പോസിറ്റുകൾ സ്വീകാര്യമല്ല. (ജി.ഒ.(പി) 3/2013/SPD തിയതി 21.06.13 ഖണ്ഡിക 8.12-8.13)

അപാകതകൾ ആവർത്തിക്കാതിരിക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്.

3.S037/18—ഹരിതകേരളം--കാലിത്തീറ്റ വിതരണം

ബിൽ നം.-- 7/17-18/19.1.18–1,99,875

തുക കേരളഫീഡ്സിന് കൈമാറി. അരിമ്പൂർ ക്ഷീരസംഘം വഴി കാലിത്തീറ്റ വിതരണം ചെയ്യുന്നു. ഒരാൾക്ക് പരമാവധി 8,000രൂപ യാണ് സബ്സിഡി നൽകുന്നത്. സംഘം കൃത്യമായി സ്റ്റോക്ക് വിതരണരജിസ്റ്റർ സൂക്ഷിക്കുകയോ ആയത് നിർവഹണ ഉദ്യോഗസ്ഥൻ സാക്ഷ്യപ്പെടുത്തുകയോ ചെയ്തിട്ടില്ല. സംഘത്തിൽ അടവാക്കുന്ന ഗുണഭോക്തൃവിഹിതം കേരളഫീഡ്സിന് കൈമാറിയതിന്റെ വിവരം ഫയലിൽ ഇല്ല. പദ്ധതി തീരുന്നതുവരെ കാലികളെ വളർത്താമെന്ന കരാർ വച്ചിട്ടില്ല.

കേരളഫീഡ്സിന്റെ KFL/430/99(111)/3924/17തീയതി 11.11.17 കത്തുപ്രകാരം കാലിത്തീറ്റയുടെ ഇറക്കുകൂലിയും മറ്റ് ചെലവുകൾക്കുമായി ഒരുചാക്കിന് 30രൂപ കൈകാര്യച്ചെലവ് നൽകുമെന്ന് അറിയിച്ചിട്ടുണ്ട്. എന്നാൽ ആയത് ആവശ്യപ്പെട്ടതായി കാണുന്നില്ല.

നിർവഹണ ഉദ്യോഗസ്ഥൻ നൽകിയ ഗുണഭോക്തൃലിസ്റ്റ് പ്രകാരമുള്ള എല്ലാവർക്കും കാലിത്തീറ്റ ലഭ്യമാകുന്നുവെന്ന് ഉറപ്പുവരുത്തേണ്ടതാണ്.

അപാകതകൾ പരിഹരിച്ച് പദ്ധതി നടത്തിപ്പ് കൂടുതൽ കാര്യക്ഷമമാക്കേണ്ടതാണ്.

4. S004/18-ആട് വളർത്തൽ വനിത എസ് സി

ബിൽ നം-- 2/17-18/30.10.17–72,000

10/17-18/22.3.18–1,08,000

കൊടകര ആട് കർഷകസംഘം, കൊടകര എന്ന സ്ഥാപനത്തിൽനിന്നാണ് ആടിനെ വാങ്ങിയത്.

ഗുണഭോക്തൃവിഹിതം 24,000രൂപ കൈമാറിയതിന്റെ വിവരം ഇല്ല.

മോഹിനികൃഷ്ണൻകുട്ടി ചക്കാടത്ത്, ജയ കറുത്തേതിൽ, അശ്വതി കിഴക്കോട്ടിൽ എന്നിവർക്കായി

36,000/- രൂപ കൈമാറിയിട്ടുണ്ട്. എന്നാൽ ഇവർ ഓഡിറ്റിന് ഹാജരാക്കിയ ഗുണഭോക്തൃലിസ്റ്റിൽ ഉൾപ്പെടുന്നില്ല. ആയതിന് ഗ്രാമസഭാസാധൂകരണം ലഭ്യമാക്കേണ്ടതാണ്.

24,000/-രൂപ കൈമാറിയതിന്റേയും ഗ്രാമസഭാസാധൂകരണം ലഭിക്കുന്നതുവരേയും ചെലവു തുകയായ 60,000/- (24000 +36000) രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

## 3-9 2016-17 ൽ ടാർ വാങ്ങി നല്കിയ പ്രവൃത്തി 2017-18 ലും പൂർത്തീകരിച്ചില്ല.

പ്രോജക്ററ് നം 85/18- തേമാലിപ്പുറം ചക്കിമുന റോഡ്- സോളിംഗ്, മെറ്റലിംഗ്, ടാറിംഗ്

മേൽ പ്രവൃത്തിക്കായി 2016-17 വർഷത്തിൽ ടാർ വാങ്ങി നല്കിയതാണ്. എന്നാൽ ഈ പ്രവൃത്തി 2017-18 ലും പൂർത്തീകരിച്ചിട്ടില്ല. ടാർ നേരത്തേ വാങ്ങി നല്കുന്നത് ശരിയായ പ്രവണതയല്ല. ഇക്കാര്യം ചൂണ്ടിക്കാട്ടി നല്കിയ ഓഡിറ്റ് എൻക്വയറിക്ക് ( നം.16/11-4-19) നല്കിയ മറുപടിയിൽ ചില അതിർത്തി തർക്കം വന്നതിനാലാണ് പ്രവൃത്തി പൂർത്തീകരിക്കാൻ കാലതാമസം വന്നതെന്നും, ഇത് 2018-19 വർഷം പൂർത്തീകരിച്ചിട്ടുണ്ടെന്നും, കാലതാമസത്തിന് കരാറുകാരനിൽ നിന്നും ഫൈൻ ഈടാക്കുന്നതാണെന്നും മറുപടി നല്കിയിട്ടുണ്ട്.

## 3-10 പഞ്ചായത്ത് കമ്മറ്റി തീരുമാനങ്ങൾ നടപ്പാക്കിയില്ല.

താഴെ പറയുന്ന വിഷയങ്ങളുമായി ബന്ധപ്പെട്ട് 2017-18 കാലയളവിൽ പഞ്ചായത്ത് കമ്മറ്റി കൈക്കൊണ്ട തീരുമാനങ്ങൾ നടപ്പാക്കിയതായി കാണുന്നില്ല.

1. 2012-13 വർഷത്തെ പദ്ധതിയായ "നാലാം വാർഡിലെ നാല് സെന്റ് കോളനി കുടിവെള്ള പദ്ധതി" യുടെ എസ്റ്റിമേറ്റിൽ ഓവർ ഹെഡ് ടാങ്ക് ഉൾപ്പെടുത്തിയിട്ടുണ്ടെങ്കിലും ടാങ്ക് സ്ഥാപിക്കുന്നതിന് സ്ഥലം ലഭ്യമല്ല എന്ന് KWA യുടെ കത്തിൽ അറിയിച്ചതിനാൽ പ്രദേശവാസികളുടെ യോഗം വിളിക്കുന്നതിന് തീരുമാനിച്ചു. (3/4/17 ലെ തീരുമാനം നം.2(1))

ഈ പദ്ധതിക്കായി ടാങ്ക് സ്ഥാപിച്ച് പദ്ധതി പൂർത്തീകരിച്ചുവോ എന്ന വിവരം ലഭ്യമാക്കേണ്ടതാണ്.

2. 25/5/17 ലെ തീരുമാനം നം.14 പ്രകാരം മത്സ്യ മാംസ മാർക്കറ്റിന്റെ ബൈലോയുടെ അംഗീകാരത്തിനായി കരട് തയ്യാറാക്കി DMO ക്ക് നല്കുവാൻ അസി. എഞ്ചിനീയറെ ചുമതലപ്പെടുത്തിയിരുന്നു. ലക്ഷങ്ങൾ ചെലവഴിച്ച് അടുത്തിടെ അറ്റകുറ്റപ്പണി നടത്തിയ മാർക്കറ്റ് ഇപ്പോഴും ഉപയോഗിക്കാതെ കിടക്കുന്നതായി സൈറ്റ് പരിശോധനയിൽ ഓഡിറ്റിന് വ്യക്തമായതാണ്. അംഗീകരിച്ച ബൈലോയും പരിശോധനക്ക് ലഭ്യമാക്കിയില്ല. ഈ സാഹചര്യത്തിൽ പഞ്ചായത്ത് കമ്മറ്റി തീരുമാനത്തിൻമേൽ സ്വീകരിച്ച മേൽ നടപടികൾ ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

3. ജില്ലാ പഞ്ചായത്ത് വിപണന കേന്ദ്രം തുടങ്ങുന്നതിന് പഞ്ചായത്ത് ഷോപ്പിംഗ് കോംപ്ലക്സിലെ 318 ബി നം മുറി അനുവദിക്കുന്നതിന് 21/7/17 ൽ പഞ്ചായത്ത് കമ്മറ്റി തീരുമാനമെടുത്തിരുന്നു (നം 7). മുറി അനുവദിച്ചുവോ എന്നും, വാടക നിശ്ചയിച്ചിട്ടുണ്ടോ എന്നും അറിയിക്കേണ്ടതാണ്.

4. 2013-14 ൽ അനുവദിച്ച്, 2014-15 വർഷത്തിൽ സ്പിൽ ഓവറായ ബയോഗ്യാസ് പ്ലാന്റ് എന്ന പദ്ധതിക്ക് ശുചിത്വ മിഷൻ അനുവദിച്ച 6,85,000/- രൂപയിൽ ചെലവാകാതെ ബാക്കി നില്ക്കുന്ന 5,51,750/- രൂപ ഇനി ചെലവാകാൻ സാധ്യതയില്ലാത്തിതിനാൽ തിരിച്ചടവാക്കാൻ പഞ്ചായത്ത് കമ്മറ്റി തീരുമാനമെടുത്തിരുന്നു. (തീ.നം.7(1) dt.29/7/17). മേൽ തുക ഏത് അക്കൗണ്ടിലാണ് നിക്ഷേപിച്ചിരുന്നതെന്നും, തിരിച്ചടവാക്കിയോ എന്ന വിവരവും ലഭ്യമാക്കേണ്ടതാണ്.

5. ചാലുകുളം കുടിവെള്ള പദ്ധതി പ്രദേശത്തെ ചില മരങ്ങൾ തനത് ഫണ്ടുപയോഗിച്ച് മുറിച്ച് മാറ്റാൻ തീരുമാനിച്ചിരുന്നു. ആയതിന് വനം വകുപ്പിൽ നിന്നുള്ള വാല്യുവേഷൻ ലഭിച്ചിരുന്നുവോ എന്നും, മരം മുറിച്ച് മാറ്റി ലേലം ചെയ്ത് വിറ്റുവോ എന്ന വിവരവും ലഭ്യമാക്കേണ്ടതാണ്. (23-1-18 ലെ തീരുമാനം നം.5(1)).

## 3-11 ഹെഡ്മിസ്ട്രസ് നിർവഹണോദ്യോഗസ്ഥനായ പദ്ധതികളിലെ അപാകതകൾ

1)പ്രൊജക്റ്റ് നം-153/18

പ്രൊജക്റ്റിന്റെ പേര് – ഗ്രന്ഥശാലാ സംഘത്തിന്റെ അംഗീകാരമുള്ള വായനശാലകൾക്ക് പുസ്തകങ്ങൾ, ആനുകാലികങ്ങൾ വാങ്ങി നൽകൽ.

മേൽ പദ്ധതി പ്രകാരം പഞ്ചായത്ത് പരിധിയിലുള്ള 5 വായന ശാലകൾക്ക് പുസ്തകങ്ങൾ, ആനുകാലികങ്ങൾ എന്നിവ വാങ്ങി നൽകുന്നതിനായി 77,998 രൂപ ചെലവഴിച്ചിട്ടുണ്ട്. ആയതിൽ ബ്രൈറ്റ് മെൻസ് ക്ലബ് എന്ന വായനശാലക്ക് 14,006 രൂപയുടെ പുസ്തകങ്ങൾ നൽകിയിട്ടുണ്ട്. ടി സ്ഥാപനത്തിൻ ഗ്രന്ഥശാലാ സംഘത്തിന്റെ അംഗീകാരം ലഭിച്ചതിന്റെ രേഖകൾ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല. GO (Rt)- 2148/14 ത.സ്വ.ഭ.വ തീയതി 19/08/14 പ്രകാരം ഗ്രന്ഥശാലാ അംഗീകാരമുള്ള ഗ്രന്ഥശാലകൾക്ക് മാത്രമാണ് പുസ്തകങ്ങളും, ആനുകാലികങ്ങളും വാങ്ങി നൽകാവുന്നത്. അംഗീകാരം ലഭിച്ചതിന്റെ രേഖകൾ പരിശോധനയ്ക്ക് ലഭ്യമാക്കും വരെയും ചെലവു തുക 14,006 രൂപ തടസ്സത്തിൽ വയ്ക്കുന്നു.

2) ബിൽ നം 4/17-18 തിയ്യതി 19-8-17 തുക 6,000

മേൽ ബിൽ പ്രകാരം വായനശാലകൾക്ക് ആനുകാലികങ്ങൾ വാങ്ങിനൽകുന്നതിനായി തുക നൽകിയിട്ടുണ്ട്. GO(Rt)2148/14ത.സ്വ.ഭ.വ തീയതി 19-8-14 പ്രകാരം ഗ്രന്ഥശാലാ സംഘത്തിനു കീഴിൽ പ്രവർത്തിയ്ക്കുന്ന ലൈബ്രറികൾക്ക് ഫർണ്ണിച്ചർ, പുസ്തകങ്ങൾ എന്നിവ വാങ്ങിനൽകുന്നതിനുള്ള അനുമതിയാണ് നൽകിട്ടുള്ളത്. ആയതിൽ ആനുകാലികങ്ങൾ വാങ്ങി നൽകുന്നതിനും ആയതിന് പ്ലാൻ ഫണ്ടിൽ നിന്നും മുൻകൂർ നല്കുന്നതിനും വ്യവസ്ഥയില്ലാത്തതാണ്. GO(P) 177/2006 Fin dated 12/04/2006 ഉത്തരവു പ്രകാരം മേൽപറഞ്ഞ പദ്ധതിയ്ക്ക് മുൻകൂർ തുക അനുവദിക്കാൻ പാടുള്ളതല്ല. ഇത്തരം അപാകതകൾ ആവർത്തിക്കാതിരിക്കാൻ ശ്രദ്ധിക്കുക.

3) പ്രൊജക്റ്റ് നം-271/18

സ്കൂളുകളിലേക്ക് ഇൻസിനറേറ്റർ വാങ്ങി നൽകൽ

അടങ്കൽ-1,28,436

ചെലവ്-1,28,436

പഞ്ചായത്തിലെ 4 സ്കൂളുകളിലേക്ക് ഇൻസിനറേറ്റർ വിതരണം ചെയ്യുന്നതിനായി 1,28,436 രൂപ വനിതാ വികസന കോർപ്പറേഷന് മേൽ പ്രകാരം കൈമാറിയിട്ടുണ്ട്. GUPS അരിമ്പൂരിൽ ഇൻസിനറേറ്റർ സ്ഥാപിച്ചതിന്റെ ഇൻസ്റ്റലേഷൻ സർട്ടിഫിക്കറ്റ്, വാറൻറി സർട്ടിഫിക്കറ്റ്, എന്നിവ മാത്രമേ ഫയലിലുള്ളൂ.

St Gemmas up school, Aups പറയ്ക്കാട്, HSS അരിമ്പൂർ എന്നീ സ്കൂളുകളിൽ ഇൻസിനറേറ്റർ സ്ഥാപിച്ചതിന്റെ ഇൻസ്ററലേഷൻ സർട്ടിഫിക്കറ്റ്, വാറൻറി സർട്ടിഫിക്കറ്റ്, എന്നിവ ഫയലിലില്ല. ജില്ലാ പഞ്ചായത്ത് വർഷങ്ങളായി മേൽ പറഞ്ഞ പദ്ധതി നടപ്പിലാക്കികൊണ്ടിരിക്കുന്നുണ്ട്. ആയതിൽ

ഉൾപ്പെടുത്തി മേൽ പറഞ്ഞ സ്കൂളുകൾക്ക് ഇൻസിനറേറ്റർ സ്ഥാപിച്ചു നൽകൽ ഉണ്ടായിട്ടുണ്ടോ, ഇത്തരത്തിൽ ധനസഹായം ലഭിച്ചിട്ടുണ്ടോ എന്നുള്ള വിവരം ഒന്നും ഫയലിൽ ലഭ്യമല്ല. മേൽപ്പറഞ്ഞ സ്ഥാപനങ്ങളിൽ നിന്നും ഇൻസ്റ്റലേഷൻ സർട്ടിഫിക്കറ്റ്, വാറന്റി സർട്ടിഫിക്കറ്റ് എന്നിവയും ജില്ലാ പഞ്ചായത്തിൽ നിന്നും ഈയിനത്തിൽ ധനസഹായം മുൻവർഷങ്ങളിൽ ലഭിച്ചതിന്റെ വിവരവും ലഭ്യമാക്കും വരെ ചെലവു തുക- 1,28,436/- രൂപ തടസ്സപ്പെടുത്തുന്നു. (ഓഡിറ്റ് എൻക്വയറി നം.10/17-18 തീയതി 10.04.19)

## 3-12 വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയിട്ടില്ല.ചെലവു തുക തടസ്സപെടുത്തുന്നു.

സെക്രട്ടറി നടപ്പാക്കിയ പ്രോജക്ട് നം. 243/18 ഐ.എം.എയ്ക്ക് വിഹിതം, 242/18 ഭിന്നശേഷയുള്ളവർക്ക് വിഹിതം നൽകൽ, 208/18 ഐ കെ എം പ്രവർത്തന വിഹിതം എന്നിവയ്ക്കായി യഥാക്രമം 1,00,000, 50,000,73443, എന്നിങ്ങനെ തുക ജില്ലാപഞ്ചായത്തിന് നൽകിയിട്ടുണ്ട്. എന്നാൽ തുക വിനിയോഗിച്ചതിന്റെ രേഖകൾ ലഭ്യമാക്കിയിട്ടില്ല. വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കേണ്ടതാണ്. ( ഓഡിറ്റ് എൻക്വയറി നം. 18/14.3.19).

## 3-13 തനതു ഫണ്ടിൽ നിന്നുള്ള ചെലവുകൾ- അപാകതകൾ

1)സ.ഉ എം.എസ് നം.80/2017 തീ.03.04.17 പ്രകാരം കൈമാറിക്കിട്ടിയ സ്ഥാപനങ്ങൾക്ക് ഒരു വർഷത്തേക്കായുള്ള കണ്ടിജന്റ് ചെലവുകൾക്കായി മുൻകൂർ അനുവദിച്ചിരുന്നു. ആയതിന്റെ ചെലവു രേഖകൾ പരിശോധിച്ചതിൽ താഴെ പറയുന്ന അപാകതകൾ കാണുന്നു.

വൗച്ചറുകളിൽ ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥൻ ആവശ്യമായ സാക്ഷ്യപ്പെടുത്തലുകൾ നടത്തി (സ്റ്റോക്ക് എൻട്രി സാക്ഷ്യപത്രം, പാസ്സാക്കിയ തുക മുതലായവ) സൂക്ഷിച്ചിട്ടില്ല. വൗച്ചറുകൾ ചെലവു നടത്തിയ തീയതി പ്രകാരം ക്രമമായി നമ്പറിട്ട് സൂക്ഷിച്ചിട്ടില്ല. ലഭിച്ച തുകയും ചെലവു വിവരങ്ങളും കൃത്യമായി കാഷ്ബുക്കിൽ രേഖപ്പെടുത്തുന്നില്ല.

2) പഞ്ചായത്തിലേക്ക് വേണ്ടിയുള്ള പർച്ചേസ് ബില്ലുകളിൽ സ്റ്റോക്ക് എൻട്രി സാക്ഷ്യപത്രം ഇല്ല. സ്റ്റോക്ക് രജിസ്റ്റർ സെക്രട്ടറി ഒപ്പു വെച്ച് ആധികാരികമാക്കിയിട്ടില്ല.

3) പ്രതിമാസം 76,563/- രൂപ വീതം 175 പൊതുടാപ്പുകളുടെ വാട്ടർ ചാർജ്ജ് ഇനത്തിൽ അടവാക്കിയിട്ടുണ്ട്. ആയതിന്റെ സംയുക്ത പരിശോധന റിപ്പോർട്ട് പരിശോധനക്ക് ലഭ്യമായിട്ടില്ല.

4)വൗച്ചർ നം.21700606/22.9.17 പ്രകാരം 4,039 രൂപയും(വൈദ്യുതി ചാർജ് -അംഗൻവാടികൾ-2/16 മുതൽ 10/16 വരെ) വൗച്ചർ നം.21700607/22.9.17 പ്രകാരം 6,138 രൂപയും (വാട്ടർ ചാർജ് -അംഗൻവാടികൾ-12/15 മുതൽ 07/16 വരെ) ICDS സൂപ്പർവൈസർക്ക് അനുവദിച്ചിട്ടുണ്ട് ബില്ലുകൾ യഥാസമയം മാറുവാൻ പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്.

5)വൗച്ചർ നമ്പരുകൾ 21700365/7.7.17, 21700508/25.8.17 പ്രകാരം കുടിവെള്ള വിതരണത്തിനായി യഥാക്രമം 2,93,515 രൂപയും 1,31,947 രൂപയും നൽകിയിട്ടുണ്ട്. ആയതിനോടനുബന്ധിച്ച് താഴെ പറയുന്ന ന്യൂനതകൾ കാണുന്നു.

a)വെള്ളം വിതരണം നടത്തുന്ന ടാങ്കറിനും കുടിവെള്ള സ്രോതസ്സിനും FBO ലൈസൻസ് ഉണ്ടായിരിക്കേണ്ടതാണ്. മേൽ മാനദണ്ഡങ്ങൾ പാലിക്കപ്പെട്ടതായി രേഖപ്പെടുത്തലുകളില്ല.
b)ടെണ്ടറിൽ ടാങ്ക് കപ്പാസിറ്റിയുടെ വിവരങ്ങൾ രേഖപ്പെടുത്തിയിട്ടില്ല.
c)ട്രിപ്പ് ഷീറ്റുകളിൽ വിതരണം നടന്നത വാർഡ് മെമ്പർമാർ സാക്ഷ്യപ്പെടുത്തിയിട്ടില്ല.

# ഭാഗം-4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## 4-1 സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രൊജക്ടിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് | 2017-18 | 200000 | പെയിൻ & പാലിയേറ്റീവ് കെയർ.(നം.13/18) | 200000 | 0 |
| | 2017-18 | 275000 | ശാരീരിക മാനസിക വെല്ലുവിളിയുള്ളവർക്ക് സ്കോളർഷിപ്പ്. നം.25/18 | 275000 | 0 |
| | ,, | 75000 | ക്ഷീരസംഘങ്ങളിൽ പാൽ അളക്കുന്ന കർഷകർക്ക് പാലിന് സബ്സിഡി.(നം 179/18) | 75000 | 0 |
| | | 300000 | ലൈഫ് പദ്ധതി(ജനറൽ) നം.263/18 | 300000 | 0 |
| ജില്ലാ പഞ്ചായത്ത് | 2017-18 | 200000 | പെയിൻ & പാലിയേറ്റീവ് കെയർ നം.13/2018 | 200000 | 0 |

| | | | | | |
|---|---|---|---|---|---|
| ,, | 2017-18 | 325650 | ശാരീരിക മാനസിക വെല്ലുവിളി നേരിടുന്നവർക്കുള്ള സ്കോളർഷിപ്പ്നം.25/18 | 325650 | 0 |
| ,, | ,, | 100000 | ക്ഷീര സംഘങ്ങളി പാൽ അളക്കുന്ന ക്ഷീര കർഷകർക്ക് പാലിന് സബ്സിഡി(നം 179/18) | 100000 | 0 |

## 4-2 നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

ഓഡിറ്റ് വർഷത്തിൽ താഴെ പറയുന്ന സ്ഥാപനങ്ങൾക്ക് ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്തുന്നതിന് മുൻകൂർ നൽകിയിട്ടുണ്ട്. തുക ചെലവഴിച്ച് പ്രവൃത്തി നടത്തിയതിന്റെയും ബാക്കി തുകയുടെയും വിവരങ്ങൾ താഴെ കൊടുക്കുന്നു.

| നിർവഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | വൗച്ചർ നമ്പർ/ ചെക്ക് നം. | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|
| കെ.എസ്.ഇ.ബി | തെരുവു വിളക്ക്-ലൈൻഎക്സ്റ്റൻഷൻ | ട്രഷറിബിൽ നമ്പർ 21/17-18 തീയതി -28.09.2017 | 170283 | 170283 | 0 |
| ,, | HT ലൈൻ മാറ്റൽ അംഗൻവാടിക്ക് | ട്രഷറിബിൽ നമ്പർ 2/17-18 തീയതി -20.07.2017 | 68650 | 68650 | 0 |
| ,, | പകൽ വീട്-വൈദ്യുതി ലൈൻ മാറ്റിവെക്കൽ | ട്രഷറിബിൽ നമ്പർ 43/17-18 തീയതി -18.03.2018 | 41041 | 41041 | 0 |

## 4-3 മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ

ഇല്ല

## 4-4 വായ്പ/വായ്പ തിരിച്ചടവ്

| വായ്പയുടെ പേര് | വായ്പതുക | വർഷാരംഭത്തിൽ തിരിച്ചടക്കാൻ ബാക്കിഉണ്ടായിരുന്ന തുക | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|
| | | | മുതൽ | പലിശ | |
| EMS ഭവന പദ്ധതി | | 45000 | 45000 | | 0 |

## 4-5 സ്ഥിര നിക്ഷേപം

ഇല്ല

## 4-6 ഓഡിറ്റ് റിക്കവറി

ഇല്ല

## 4-7 സമാഹൃത ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെടുന്ന ഖണ്ഡികകളുടെ വിവരം

| റിപ്പോർട്ട് വർഷം | ഭാഗം/ഖണ്ഡിക | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|
| 99-2000 | 17 | 2003-04 | മാരാത്ത് കടവ്-ലിഫ്റ്റ് ഇറിഗേഷൻ സ്കീം പ്രോജക്റ്റിൽ ഫണ്ട് അനുവദിക്കാത്ത പ്രവൃത്തിക്ക്-പ്ലാൻ ഫണ്ട് വിനിയോഗിച്ചത് | ഒഴിവാക്കിയിട്ടില്ല |

## 4-8 ചാർജ്ജ്/സർച്ചാർജ്ജ് നടപടികളുടെ വിവരം

ഇല്ല

# 4-9 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 63984745 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 80402818 |
| വരവിനങ്ങളിലുള്ള നഷ്ടം | 5133 |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | 20682 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 1542947 |

(ബി). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | |
| 2-6 | 5133 | -- | എൻ.ജി.ദിനേശൻ, സെക്രട്ടറി. |
| 3-3 | -- | 20682 | സഖി.എൽ അസി.എഞ്ചിനീയർ |
| ആകെ | 5133 | 20682 | |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 3-5 | 1340505 | എ.എൽ തോമസ് അസി.സെക്രട്ടറി |
| 3-8-4 | 24000 | രേഖ.പി.രാഘവൻ ,വെറ്ററിനറി സർജൻ |
| | 36000 | ഗോപീകൃഷ്ണൻ.പി വെറ്ററിനറി സർജൻ |
| 3-11(1) | 14006 | ഉഷാകുമാരി.വി ഹെഡ്മിസ്ട്രസ് |
| 3-11(3) | 128436 | ഉഷാകുമാരി.വി ഹെഡ്മിസ്ട്രസ് |
| ആകെ | 1542947 | |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഖണ്ഡിക - 3-1

(ഇ) റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ

| പേര്, ഉദ്യോഗപ്പേര് | ഇപ്പോഴത്തെ മേൽവിലാസം (ഓഡിറ്റ് നടന്ന സമയം) | സ്ഥിരം മേൽവിലാസം |
|---|---|---|
| എൻ.ജി.ദിനേശൻ, സെക്രട്ടറി. | പൂമംഗലം ഗ്രാമ പഞ്ചായത്ത്, തൃശ്ശൂർ | നാലുമാക്കൻ ഹൗസ്,വലപ്പാട് ബീച്ച് പി.ഒ,പിൻ.680567 |
| സഖി.എൽ അസി.എഞ്ചിനീയർ | എൽ.എസ്.ജി.ഡി, അരിമ്പൂർ | ബോധി,പെരുകുളം,പി.ഒ,ആറ്റിങ്ങൽ തിരുവനന്തപുരം |

# 4-10 തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ

| ഓഡിറ്റ് റിപ്പോർട്ട് വർഷം | ഈവകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം |
|---|---|
| 86-87&87-88 | എൽ.എഫ്.ടി.9-1376/91 /2.11.91 |
| 90-91 | എൽ.എഫ്.ടി.9-817/94/17.5.95 |
| 91-92 | എൽ.എഫ്.ടി.9-31/96/21.4.96 |
| 92-93&93-94 | എൽ.എഫ്.ടി.9-60/96/25.5.96 |
| 94-95 | എൽ.എഫ്.ടി.21-1508/2000 /2.12.00 |
| 95-96&96-97 | എൽ.എഫ്.ടി.12-703/04 /28.10.04/12.1.05 |
| 97-98 | എൽ.എഫ്.ടി.12-109/05 /22.4.05/14.11.05 |
| 98-99(വരവ്) | എൽ.എഫ്.ടി.12-1103/05 /21.12.05/8.5.06 |
| 98-99(ചെലവ്) | എൽ.എഫ്.ടി.12-1502/00 /3.11.00/5.2.01 |
| 99-00(ചെലവ്) | എൽ.എഫ്.ടി.12-724/03/1.9.03 /2.1.04 |
| 99-00(വരവ്) | എൽ.എഫ്.ടി.12-1104/05 /21.12.06/8.5.06 |
| 00-01(ജനകീയാസൂത്രണം) | എൽ.എഫ്.ടി.12-1724/03 /8.2.04/9.5.04 |

| | |
|---|---|
| 01-02 | എൽ.എഫ്.ടി.12-861/08 /23.7.09 |
| 02-03 | എൽ.എഫ്.ടി.12-862/08 /23.7.09 |
| 03-04 | എൽ.എഫ്.ടി.12-588/10/4.5.11 /13.10.11 |
| 04-05 | എൽ.എഫ്.ടി.12-589/10/4.5.11 /13.10.11 |
| 05-06 | എൽ.എഫ്.ടി.12-541/10 /28.9.11/18.10.11 |
| 06-07 | എൽ.എഫ്.ടി.12-542/10 /28.9.11/4.11.11 |
| 07-08 | എൽ.എഫ്.ടി.പി.6-858/11 /21.11.11/18.5.12 |
| 08-09,09-10,10-11 | എൽ.എഫ്.ടി.പി.2-2020/12 /8.3.13/14.6.14 |
| 11-12 | എൽ.എഫ്.ടി.പി.2-1097/13 /8.11.13/ 7.2.14 |
| 12-13 | എൽ.എഫ്.ടി.പി2-569/14 /10.1.14/12.1.15 |
| 13-14 | കെ.എസ്.എ.ടി.എസ്.ആർ. (പി1)491/15, 22.9.15/17.10.15 |
| 14-15 | കെ.എസ്.എ.ടി.എസ്.ആർ. (പി2)918/16, 12.06.16 |
| 15-16 | കെ.എസ്.എ.ടി.എസ്.ആർ (പി2) 2202/16, 16.01.17 |
| 16-17 | കെ.എസ്.എ.ടി.എസ്.ആർ (പി2) 1308/17, 31.08.17 |

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം
തൃശ്ശൂർ

# അനുബന്ധം -1

## ഓഡിറ്റ് സർട്ടിഫിക്കറ്റ്

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ, വകുപ്പ് 4, 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(6) 2011ലെ കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങളിലെ ചട്ടം 64 എന്നിവ അനുസരിച്ചും പഞ്ചായത്ത് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ്ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾ അവലംബിച്ചും 22.05.2018 ലെ (സാധാ) 1413/ 2018/ത.സ്വ. ഭ.വ, നമ്പർ സർക്കാർ ഉത്തരവിലെ നിബന്ധനകൾ പ്രകാരവും അരിമ്പൂർ ഗ്രാമപഞ്ചായത്തിന്റെ 2017-18 സാമ്പത്തികവർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ എന്റെ അഭിപ്രായത്തിൽഅരിമ്പൂർ ഗ്രാമപഞ്ചായത്തിന്റെ 2017-18 സാമ്പത്തിക വർഷത്തെ വാർഷിക ധനകാര്യ പത്രിക വരവു ചെലവു കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്നു ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം
തൃശ്ശൂർ

## അനുബന്ധം-2

## ഓഡിറ്റ് സംക്ഷിപ്തം

| | | |
|---|---|---|
| 1 | റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ് | സംക്ഷിപ്തം (Audited Abstract) |
| 2 | ഇൻകം & എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റ് | |
| 3 | ബാലൻസ് ഷീറ്റ് | |

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം
തൃശ്ശൂർ